# ദി ഡിഫെൻഡർ

Vol. No. 11 Issue No. 14 RNI Reg. No. 68089 / 97 Published From Perumbavoor 2008 JULY 16 Price: Rs.100/- P.A.


# പെന്തക്കോസ്തിലെ വ്യാജൻമാർക്കെതിരെ മംഗളം വാരിക പ്രതികരിക്കുന്നു

പെന്തക്കോസ്ത് സഭകളിലെ വ്യാജൻമാർക്കെതിരെ മംഗളം വാരിക പ്രതികരിക്കുന്നു. ദുർന്നടപ്പ്, പണാപഹരണം, വിവിധതരം തട്ടിപ്പുകൾ തുടങ്ങിയവ നടത്തുന്ന പെന്തക്കോസ്ത് നേതാക്കൻമാരെയാണ് മംഗളം വാരിക തുറന്നുകാട്ടുന്നത്.

മംഗളം വാരിക സ്വന്തം നിലയിൽ നടത്തിയ അന്വേഷണത്തിലൂടെ കണ്ടെത്തിയ വിവരങ്ങളും ഡിഫെൻഡറിന്റെ മുൻലക്കങ്ങളിൽ നിന്നു ശേഖരിച്ച വസ്തുതകളും ഈ പരമ്പരയിൽ ഉൾപ്പെടുത്തുകയുണ്ടായി. കൂടാതെ, റ്റി.എസ്.ബാലനുമായി മംഗളം എഡിറ്റർ ശ്രീ അനിൽകുമാർ റാന്നി നടത്തിയ അഭിമുഖ സംഭാഷണവും മൂന്നു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചു.

പെന്തക്കോസ്ത് മാഫിയയേക്കുറിച്ച് മംഗളം വാരികയിൽ പരമ്പര പ്രസിദ്ധീകരിക്കുന്ന വിവരം പോസ്റ്ററിലൂടെയും മറ്റും അറിഞ്ഞ ലക്ഷക്കണക്കിനാളുകൾ വാരികയുടെ കോപ്പികൾ വാങ്ങുകയുണ്ടായി. പെന്തക്കോസ്തുകാർ സാധാരണയായി ജനപ്രിയ വാരികകൾ വാങ്ങാറില്ലെങ്കിലും പെന്തക്കോസ്ത് നേതാക്കൻമാരേക്കുറിച്ച് വാർത്ത പ്രസിദ്ധീകരിച്ച ലക്കം വാങ്ങി. അതുമൂലം മിക്ക സ്ഥലങ്ങളിലും മംഗളം വാരികയുടെ സ്ഥിരം വായനക്കാർക്ക് കോപ്പികൾ ലഭിച്ചില്ല.

പെന്തക്കോസ്തിലെ പ്രധാന കളളൻമാരേക്കുറിച്ചെല്ലാം മംഗളത്തിൽ പരാമർശമുണ്ടായിരുന്നു. ടി.എസ്.ഏബ്രഹാമിന്റെ മസിൽകയറ്റപ്രശ്നവും ബംഗ്ലാവ് ഡ്യൂട്ടിയും മറ്റും മാലോകർ അറിഞ്ഞു. മോഷണായിയുടെ അവാർഡ് ദാന ബിസിനസ്സ്, കെ.എ. ഏബ്രഹാമിന്റെ പതാകപ്രസംഗം, കെ.പി. യോഹന്നാന്റെ തട്ടിപ്പ് തുടങ്ങിയവയും വിമർശനവിധേയമായി. മറ്റൊരു സെക്യുലർ പ്രസിദ്ധീകരണത്തിലും നാളിതുവരെ പെന്തക്കോസ്തിനേക്കുറിച്ച് ഇത്ര വിശദവും സമഗ്രവുമായ ലേഖനം വന്നിട്ടില്ല.

തങ്കുവിന്റെ തട്ടിപ്പ്, തോക്കുസ്വാമിയുടെ കലാപരിപാടികൾ, കെ.പി.യോഹന്നാന്റെ സുവിശേഷ വ്യവസായം തുടങ്ങിയവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതും ഇവർക്കൊക്കെ എതിരെ ഇപ്പോൾ നടക്കുന്ന അന്വേഷണങ്ങൾക്ക് വഴിമരുന്നിട്ടതും മംഗളമാണ്. ആകയാൽ പെന്തക്കോസ്ത് മാഫിയയ്ക്കെതിരെ മംഗളം വാരിക നടത്തുന്ന ഈ പോരാട്ടവും സർക്കാർ ഗൗരവത്തിൽ എടുക്കുമെന്നും ഉചിതമായ നിയമ നടപടികൾ ഉണ്ടാകുമെന്നും കരുതാം.

## ടി.എസ്സിനു മാനം പോയെന്ന്

ടി.എസ്.ഏബ്രഹാമിന്റെ മസിൽ പ്രശ്നത്തേപ്പറ്റി മംഗളം വാരികയിൽ വാർത്ത വന്നതോടെ മേല്പടിയാന്റെ മാനം പോയത്രേ. ജൂലൈ 7 ലക്കത്തിൽ പ്രസിദ്ധീകരിച്ച വാർത്ത ജൂലൈ 4ന് അകം പിൻവലിച്ച് മാപ്പു പറഞ്ഞില്ലെങ്കിൽ അഞ്ചുലക്ഷം രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടു കേസ്സ് കൊടുക്കുമെന്ന് ജൂൺ 1ന് അഡ്വ വി.സി. സാബു അയച്ച വക്കീൽ നോട്ടീസിൽ പറയുന്നു. മംഗളത്തിന്റെ ഭാരവാഹികളെ കൂടാതെ റ്റി.എസ്.ബാലനും നോട്ടീസ് കിട്ടി.

ജൂലൈ 7 ലക്കം മംഗളത്തിൽ വന്ന വാർത്ത എങ്ങനെ ഒരു മാസം മുൻപ് ടി.എസ്സ്. ഏബ്രഹാമിനു മാനഹാനിയുണ്ടാക്കിയെന്ന് ഒരു പിടിയും കിട്ടുന്നില്ല. ഈ വാർത്ത എങ്ങനെ ജൂലൈ 4ന് പിൻവലിക്കുമെന്നും അറിഞ്ഞുകൂടാ. മസ്ദൂർ ഭാരതി, ഹിന്ദുവിശ്വ, ആത്മാഭിമാനി, ഡിഫെൻഡർ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ മസിൽ കയറ്റപ്രശ്നവും ബംഗ്ലാവ് ഡ്യൂട്ടിയും മറ്റും വാർത്തയായപ്പോൾ പോകാത്ത മാനം ഇപ്പോൾ പോയത്രേ. ഈ ചങ്ങാതിക്ക് ഒരു മാനമേയുളളൂ: അത് തലയ്ക്കു മുകളിലുളളതാണ്. അതു നഷ്ടമായിട്ടില്ല, അതുകൊണ്ട് മാനനഷ്ടക്കേസ്സുമില്ല.

# എന്റെ പിഴ, എന്റെ പിഴ എന്ന് അവറാച്ചൻ വിലപിക്കുന്നു



''എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ'' എന്നു പുലമ്പിക്കൊണ്ട് പത്രം ഓഫീസുകൾ കയറിയിറങ്ങുകയാണ് കുപ്രസിദ്ധ ജനപ്രിയ വിഡ്ഢിയായ കെ.എ.ഏബ്രഹാം. ഇന്ത്യൻ ദേശീയ പതാകയ്ക്ക് ദുർവ്യാഖ്യാനം കൊടുത്ത് അവഹേളിച്ചത് വിവാദമായതോടെയാണ് അവറാൻ ക്ഷമാപണയജ്ഞം ആരംഭിച്ചത്.

മംഗളം ഓഫീസിൽ എത്തി കെ.എ.ഏബ്രഹാം നിരുപാധികം ക്ഷമ പറഞ്ഞു. കൂടാതെ, മിക്ക പെന്തക്കോസ്ത് പത്രങ്ങൾക്കും ക്ഷമാപണക്കത്തയച്ചു. ഇനി എവിടെവേണമെങ്കിലും ക്ഷമ പറയാനും തയ്യാർ. ഒരു കണ്ടീഷൻ മാത്രം: കേസ്സ് കൊടുക്കരുത്. പക്ഷേ അവറാന്റെ ശ്രമം വിജയിക്കുമെന്നു തോന്നുന്നില്ല. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഒന്നിലധികം കേസ്സുകൾ ഉണ്ടായിക്കഴിഞ്ഞു.

ചിങ്ങവനത്തു നടന്ന ഒരു യോഗത്തിലാണ് കെ.എ.ഏബ്രഹാം ആദ്യമായി ഈ വിഡ്ഢിത്തം പ്രസംഗിച്ചത്. അതിനുശേഷം നൂറുകണക്കിനു സ്റ്റേജുകളിൽ ഇയാൾ ഇതു പ്രസംഗിച്ചു. ആരോ ഈ ഭാഗം യൂട്യൂബിൽ ഇട്ടതോടെയാണ് സംഭവം ഡിഫെൻഡറിന്റെ ശ്രദ്ധയിൽ വന്നത്. വിവരമറിഞ്ഞയുടൻ ഡിഫെൻഡർ ഇതു വാർത്തയാക്കി. പക്ഷേ കെ.എ. ഏബ്രഹാം ആദ്യമൊന്നും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയില്ല. ഏറെ താമസിയാതെ ഈ വീഡിയോ കൈരളി ടി.വിയിൽ സംപ്രേക്ഷണം ചെയ്തു. കളി കാര്യമാകുകയാണെന്ന് അപ്പോഴാണ് അവറാൻ മനസ്സിലാക്കിയത്. എങ്ങനെയെങ്കിലും പ്രശ്നം ഒതുക്കിത്തീർക്കാനായി പിന്നീടുളള ശ്രമം. പക്ഷേ ആർക്കും ഒതുക്കാനാവാത്തവിധം ഇപ്പോൾ പ്രശ്നം വളർന്നിരിക്കയാണ്.

ആദ്യമൊക്കെ ഈ വീഡിയോ യൂട്യൂബിൽ മാത്രമാണ് ഉണ്ടായിരുന്നത്. പക്ഷേ ഇന്ന് അതല്ല സ്ഥിതി. മൊബൈലിലൂടെയാണ് ഇപ്പോൾ ഈ പ്രസംഗം പ്രചരിക്കുന്നത്. സത്യസുവിശേഷം കേട്ടിട്ടില്ലാത്തവരുടെ മൊബൈലിലും ഇപ്പോൾ കെ.എ.ഏബ്രഹാമിന്റെ വിവരക്കേടുണ്ട്. അവറാൻ ശരിക്കും ജനപ്രിയനായിരിക്കുന്നു. വിഡ്ഢിത്തം പ്രസംഗിക്കുന്നതു കെ.എ.ഏബ്രഹാം നിർത്തണമെന്നു ഡിഫെൻഡർ നിരന്തരം പറഞ്ഞിട്ടും കൂട്ടാക്കിയില്ല. ഇനി ഫലം അനുഭവിക്കട്ടെ.

# 'മരിച്ചവർ എവിടെ' പ്രസിദ്ധീകരിച്ചു

''മരിച്ചവർ എവിടെ'' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. പുസ്തകം മുൻകൂർ ബുക്ക് ചെയ്തവർക്കെല്ലാം ജൂലൈ 31ന് അകമായി പുസ്തകം ലഭിക്കുന്നതാണ്. ആർക്കെങ്കിലും യഥാസമയം പുസ്തകം ലഭിക്കാതെപോയാൽ 9447414608 എന്ന നമ്പറിൽ വിളിച്ച് വിവരം അറിയിക്കുക.

കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുളളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. വിലാസം: www.tsbalan.com പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുളളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുളളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുളള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 9447414608.**

# വരുന്നൂ പെന്തക്കോസ്ത് ദിനപ്പത്രം

വരുന്നൂ പെന്തക്കോസ്ത് ദിനപ്പത്രം. വാർത്ത അവിശ്വസനീയമായി തോന്നാമെങ്കിലും സത്യമാണ്. പക്ഷേ പത്രം എന്നു മുതൽ പ്രസിദ്ധീകരിച്ചു തുടങ്ങുമെന്നു മാത്രം ഇപ്പോൾ പറയാൻ ബുദ്ധിമുട്ടാണ്.

പെന്തക്കോസ്തിൽ ഇപ്പോൾ ഒരു വാരികയും കുറെ ദ്വൈവാരികകളും അതിലധികം മാസികകളും പിന്നെ എണ്ണത്തിൽ പെടാത്ത കുറെ സാധനങ്ങളുമുണ്ട്. ഇല്ലാത്തത് ദിനപ്പത്രം മാത്രം. ആ വിടവു നികത്താനാണ് ചിലരുടെ ശ്രമം.

ഏതാനും വർഷം മുൻപ് ജിം എന്നൊരു ഏടാകൂടം അന്നത്തെ വ്യവസായ മന്ത്രിയുടെ നേതൃത്വത്തിൽ തട്ടിക്കൂട്ടിയിരുന്നു. അത് ഉദ്ഘാടനം ചെയ്യുന്നതിന് ഏതാനും ആഴ്ച മുൻപു മുതൽ ഒരു പരസ്യം പത്രങ്ങളിലും ചാനലുകളിലും മറ്റും പ്രത്യക്ഷപ്പെട്ടു. കേരളത്തിൽ മണൽ ക്ഷാമം രൂക്ഷമാണെന്നും ജിമ്മിൽ അതിനൊരു പരിഹാരം ഉണ്ടായേ മതിയാകൂ എന്നുമായിരുന്നു പരസ്യത്തിന്റെ ചുരുക്കം. ആരാണപ്പാ ജനനൻമയിൽ ഇത്ര താല്പര്യമുളള കക്ഷി? ഒരു പിടിയും കിട്ടിയില്ല. പക്ഷേ പിന്നീട് ആ രഹസ്യം പുറത്തായി. ജിമ്മിന്റെ മറവിൽ മണൽ വ്യവസായം തുടങ്ങാനും ആ വകയിൽ കൊളള ലാഭമുണ്ടാക്കാനും പദ്ധതിയുളള ഒരാളായിരുന്നു ഈ പരസ്യങ്ങൾ കൊടുത്തത്. പൊതുതാല്പര്യമുളള സുപ്രധാന വിഷയമാണു മണൽ പ്രശ്നമെന്നു വരുത്തി തീർക്കാനും അതിലൂടെ വഴിവിട്ട ആനുകൂല്യങ്ങൾ നേടാനുമായിരുന്നു ശ്രമം. യാഥാർത്ഥത്തിൽ പൊതുതാല്പര്യമല്ല സ്വന്തം താല്പര്യമായിരുന്നു പരസ്യത്തിനുപിന്നിൽ.

ഇതുപോലൊരു അടവാണ് ചില തല്പര കക്ഷികൾ ഈയിടെ പ്രയോഗിച്ചത്. കേരളത്തിലെ പെന്തക്കോസ്തുകാർ കഠിനമായ പീഡ അനുഭവിക്കയാണെന്ന് ഇവർ വരുത്തിത്തീർത്തു. പെന്തക്കോസ്തുകാർക്കെതിരെ സകല മാദ്ധ്യമങ്ങളും വാർത്ത കൊടുക്കുകയാണെന്നും നമുക്ക് വാർത്താചാനൽ, ദിനപ്പത്രം എന്നിവ ഉണ്ടായിരുന്നെങ്കിൽ ഇതൊന്നും നടക്കുമായിരുന്നില്ല എന്നും പ്രചരിപ്പിച്ചു.

ഒരു സുവിശേഷ ചാനൽ ഉണ്ടാക്കിയതിന്റെ ഫലം നേരിൽ കണ്ടുകൊണ്ടിരിക്കുന്ന പെന്തക്കോസ്തുകാർക്ക് പുതിയ വാർത്താചാനൽ എന്ന പരിപാടി അത്ര സ്വീകാര്യമായി തോന്നിയില്ല. എങ്കിൽ ദിനപ്പത്രമാകട്ടെ ആദ്യം എന്നാണു തീരുമാനം.

നിലവിലുളള ഏതെങ്കിലും ദ്വൈവാരികയോ മാസികയോ ദിനപ്പത്രമാക്കാനുളള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. ആർ.എൻ.ഐ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഗുലുമാലുകൾ ഒഴിവാക്കാൻ ഇതാണ് എളുപ്പമാർഗ്ഗം. പ്രഭാത ദിനപ്പത്രം വേണമെന്നു ചിലർ ശഠിക്കുന്നു. ഉച്ചപ്പത്രമോ അന്തിപ്പത്രമോ മതിയെന്നാണ് മറ്റു ചിലരുടെ അഭിപ്രായം. സാക്ഷാൽ പത്രത്തിന്റെ വലിപ്പം വേണോ പെന്തക്കോസ്ത് പത്രങ്ങളുടെ മുഖമുദ്രയായ ടാബ്ലോയിഡ് സൈസ് മതിയോ എന്നും തീരുമാനിക്കണം. എവിടെനിന്നു പ്രസിദ്ധീകരിക്കണം എന്ന ചോദ്യത്തിനും ഉത്തരം കണ്ടെത്തണം. ആരായിരിക്കണം എഡിറ്റർ? പത്താം ക്ലാസ്സും പേനയും മാത്രം കൈമുതലായുളള ചില പത്രപ്രവർത്തക ശിങ്കങ്ങൾ ഭൈമീകാമുകൻമാരായി ഇപ്പോൾത്തന്നെ രംഗത്തുണ്ട്. ഇവരിൽ ആരാകും വരണമാല്യം ചൂടുക. അതൊക്കെ പിന്നാലെ പാർക്കലാം.

ദി ഡിഫെൻഡർ

Vol. No.11 Issue No. 14 2008 July 16

# സഭയോ സംഘടനയോ?

ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭ, ശാരോൻ ഫെലോഷിപ്പ് ചർച്ച്, അസംബ്ലീസ് ഓഫ് ഗോഡ്, ചർച്ച് ഓഫ് ഗോഡ് തുടങ്ങിയതൊക്കെ ദൈവസഭകളാണ് എന്നത്രേ അവകാശവാദം. ഈ സഭകളെ വിമർശിച്ചാൽ ദൈവം കോപിക്കുമത്രേ. ഇവയുടെയൊക്കെ നേതാക്കൻമാർ ദൈവദാസൻമാരാണെന്നും പറയപ്പെടുന്നു. പക്ഷേ ഇതിനൊന്നും ദൈവവചനത്തിൽ ആധാരമില്ലെന്നു ദു:ഖത്തോടെ പറയട്ടെ.

രണ്ടായിരത്തോളം വർഷം മുൻപ് ഒരു പെന്തക്കോസ്ത് നാളിലാണ് ദൈവസഭ സ്ഥാപിക്കപ്പെട്ടത്. വിശ്വാസി, വിശ്വാസികളുടെ പ്രാദേശിക കൂട്ടമായ ദൈവസഭ, എല്ലാ വിശ്വാസികളും അംഗമായിരിക്കുന്ന ആകമാനസഭ എന്നിവ മാത്രമേ ദൈവവചനമായ ബൈബിളിലുള്ളൂ. ഇതിൽ അധികമായി എന്തെങ്കിലുമുണ്ടെങ്കിൽ അവ മനുഷ്യനിർമ്മിതമാണ്.

ഐ.പി.സി, ശാരോൻ, എ.ജി തുടങ്ങിയവ എന്നാണു സ്ഥാപിക്കപ്പെട്ടത്? ഇരുപതാം നൂറ്റാണ്ടിൽ മാത്രം. ബൈബിളിലെ ചട്ടം അനുസരിച്ചല്ല സൊസൈറ്റീസ് ആക്ട് അനുസരിച്ചാണ് ഇവ സ്ഥാപിക്കപ്പെട്ടത് എന്ന് ഏവരും സമ്മതിക്കും. സൊസൈറ്റീസ് ആക്ട് എന്നത് സഭ സ്ഥാപിക്കാനുള്ളതല്ല മറിച്ച് സംഘടന സ്ഥാപിക്കാനുള്ളതാണ്. സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ നടത്തുന്ന 20 ബാറുകൾ കേരളത്തിലുണ്ട് എന്നു പറയുമ്പോൾ ഈ ആക്ടിന്റെ പരിശുദ്ധി മനസ്സിലാക്കാമല്ലോ.

സൊസൈറ്റീസ് ആക്ട്, ട്രസ്റ്റ് ആക്ട് തുടങ്ങിയവ ഉപയോഗിച്ച് സൊസൈറ്റിയോ ട്രസ്റ്റോ മാത്രമേ രജിസ്റ്റർ ചെയ്യാൻ പറ്റൂ, സഭ രജിസ്റ്റർ ചെയ്യാനാവില്ല. സൊസൈറ്റികൾ, ട്രസ്റ്റുകൾ തുടങ്ങിയവയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ സഭ സ്ഥാപിക്കലും ഉൾപ്പെടുത്താമെന്നുമാത്രം. അതുകൊണ്ട് ഐ.പി.സി ഉൾപ്പെടെയുള്ളവ സംഘടനകളാണ്, സഭയല്ല. ഈ രാജ്യത്തുള്ള ഒരു സഭയ്ക്കും രജിസ്ട്രേഷനില്ല. സൊസൈറ്റികളുടേയും ട്രസ്റ്റുകളുടേയും പേരിൽ 'സഭ' എന്ന വാക്കുള്ളതുകൊണ്ട് ഇവയൊന്നും സഭയാകുകയുമില്ല.

കഴിഞ്ഞലക്കം ക്രൈസ്തവചിന്തയിലും ഉദയനക്ഷത്രത്തിലും ഈ വസ്തുത വ്യക്തമാക്കുന്ന ലേഖനങ്ങൾ കാണാനിടയായി. നല്ലത്. വിവരമുള്ളവർ ഇത്തരം ലേഖനങ്ങളെഴുതിയാൽ ഐ.പി.സിയും ശാരോനും മറ്റും സഭയാണെന്നു പറഞ്ഞു നടക്കുന്ന വിഡ്ഢികൾക്ക് അല്പം ബോധമുണ്ടായേക്കാം. (എത്ര പറഞ്ഞാലും മനസ്സിലാകാത്ത കഴുതകളുമുണ്ട്).

# സത്യം സത്യമായി

ഇന്ത്യ ഒരു പൊതുതെരഞ്ഞെടുപ്പിലേക്കു നീങ്ങുകയാണോ? ആണെന്നു ബലമായി സംശയിക്കണം. എത്ര കൂട്ടലും കിഴിക്കലും നടത്തിയിട്ടും ഭൂരിപക്ഷം തികയുന്നില്ല. ജൂലൈ 22ന് ഭൂരിപക്ഷം തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ മൻമോഹൻ സർക്കാരിന്റെ കഥ കഴിയുമെന്നു തീർച്ച. ഒരു പൊതുതെരഞ്ഞെടുപ്പല്ലാതെ പോംവഴിയില്ല.

ഈ പ്രശ്നം വന്നതോടെ മുസ്ലീം ലീഗ് ശരിക്കും വെട്ടിലായിരിക്കയാണ്. കയ്ച്ചിട്ട് ഇറക്കാനും വയ്യ, മധുരിച്ചിട്ട് തുപ്പാനും വയ്യ എന്നതാണ് സ്ഥിതി. വിശ്വാസപ്രമേയത്തിന് എതിരായി വോട്ടുചെയ്താൽ യു.ഡി.എഫിൽ നിന്നു പുറത്തു പോകേണ്ടതായി വരും. പക്ഷേ പോകാൻ ഒരു സ്ഥലമില്ലതാനും. അഹമ്മദിന്റെ മന്ത്രിസ്ഥാനം രാജിവച്ചിട്ട് പിൻതുണ നൽകിയാൽ നഷ്ടമേയുള്ളൂ. വിശ്വാസപ്രമേയത്തെ അനുകൂലിക്കാമെന്നു വച്ചാൽ അണികൾ പിണങ്ങും. കുഴഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ.

പൊതുതെരഞ്ഞെടുപ്പെന്നു കേൾക്കുമ്പോൾ രാഷ്ട്രീയപാർട്ടികൾക്കു നെഞ്ചിടിക്കും. പൊതുജനമെന്ന കഴുതയ്ക്ക് ബുദ്ധിയുണ്ടായാൽ കാര്യങ്ങൾ കുഴയുമെന്നതുതന്നെ കാരണം. ബി.ജെ.പിക്ക് സീറ്റുകൾ കുറയാനിടയില്ല. ഒറ്റക്കു ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടിയെന്നും വരാം. അതിനു കഴിഞ്ഞില്ലെങ്കിൽ മറ്റു പാർട്ടികളുടെ പിൻതുണയോടെ ബി.ജെ.പി അധികാരത്തിൽ കയറും. കോൺഗ്രസ്സിന്റെ നില പരുങ്ങലിലാണ്. ഇപ്പോഴുള്ള സീറ്റുകൾ പോലും നിലനിർത്താനാവില്ല. ഇടതുപക്ഷത്തിന്റെ കാര്യം പോക്കാണ്. വിലപേശാനുള്ള ബലം പോലും ഇടതുപക്ഷത്തിനുണ്ടാകില്ല.

സകല ഞാഞ്ഞൂലുകളും കേരള സർക്കാരിനെതിരെ തിരിഞ്ഞിരിക്കുന്ന സമയമാണിത്. മതത്തിന്റെ പേരിലുള്ള ധ്രുവീകരണമാണ് പ്രബലം. ഇതാ സകല മതങ്ങളും നശിക്കാൻ പോകുന്നേ എന്നാണ് ചിലർ വിളിച്ചുകൂവുന്നത്. കേരളത്തിലെ ഇടതുപക്ഷ സർക്കാരിനു തകർക്കാൻ കഴിയുന്നതാണു മതമെങ്കിൽ അത്തരം മതങ്ങൾ തകരട്ടെ. ഇത്ര ദുർബ്ബലമായ മതങ്ങൾക്ക് ആരേയും രക്ഷിക്കാനാവില്ലെന്നു തീർച്ച.

സന്തോഷ് മാധവൻ തുറന്നുവിട്ട ഭൂതം ഏറെക്കുറെ ശാന്തമായ മട്ടുണ്ട്. ആത്മീയ ലോകത്തെ വ്യാജൻമാർക്കെതിരെ കാര്യമായ നടപടികളോ കോലാഹലങ്ങളോ ഇപ്പോൾ നടക്കുന്നില്ല. പ്രശ്നം ക്രമേണ ആറിത്തണുക്കുമെന്നു തോന്നുന്നു. എങ്കിലും തങ്കുവിന്റെ കാര്യം കുഴപ്പത്തിലാകാനാണ് സാദ്ധ്യത. നാഗമ്പടത്തെ ആരാധന മാറ്റേണ്ടതായി വരും. പക്ഷേ തങ്കുവിന്റെ കൈവശം വേണ്ടത്ര പണമുള്ളതുകൊണ്ട് മറ്റെവിടെയെങ്കിലും ആരാധന നടത്താൻ കഴിയും. ഏതായാലും സകല ആത്മീയ കള്ളൻമാരും ഇനി ശരിക്കും സൂക്ഷിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

യു.ഡി.എഫിലെ ഓരോ പാർട്ടിയും പുസ്തകത്തിനെതിരെ സമരം നടത്തിയിട്ട് ഫലമൊന്നുമുണ്ടായിട്ടില്ല. അതുകൊണ്ട് ഇനി ഐക്യമുന്നണിയായി സമരം നടത്താനാണ് പരിപാടി. പക്ഷേ ഒരു കുഴപ്പം. (കൃത്യമായി പറഞ്ഞാൽ ഒന്നല്ല, രണ്ടാണ് കുഴപ്പങ്ങൾ). ഗൗരിയമ്മയുടെ പാർട്ടിയും എം.വി. രാഘവന്റെ പാർട്ടിയും ഈ സമരത്തിൽ പങ്കെടുക്കുകയില്ല. ഈ പാർട്ടികളിൽ ഇമ്മിണി കമ്യൂണിസമുണ്ടെന്നാണല്ലോ വയ്പ്. അതുകൊണ്ട് മതത്തിനനുകൂലമായ നിലപാടു സ്വീകരിക്കാൻ പറ്റില്ല. ഏതായാലും ഐക്യമുന്നണി ഇപ്പോൾ അനൈക്യമുന്നണി ആയിരിക്കയാണ്. ഗൗരിയമ്മ യു.ഡി.എഫ് വിട്ട് എൽ.ഡി.എഫിൽ ചേക്കേറാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. എം.വി. രാഘവന് അതും പറ്റില്ല.

ലീഡർജിക്ക് വയസ്സ് 90. എന്നിട്ടും വിരമിക്കണമെന്നുള്ള ചിന്തപോലുമില്ല. മകൻ ഒപ്പമില്ലല്ലോ എന്നതു മാത്രമാണ് ദു:ഖം. മകൾ കൂടെയുള്ളതുകൊണ്ട് അനല്പമായ സന്തോഷമുണ്ടുതാനും. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ ചാലക്കുടി സീറ്റ് പ്രിയതനയയ്ക്കു കിട്ടുമെന്നുള്ള ഏക പ്രതീക്ഷയിലാണ് ലീഡർജി. പ്രത്യേക ക്ഷണിതാവ് എന്ന ചുമ്മാ സ്ഥാനവുമായി ഒതുങ്ങിക്കൂടാൻ ലീഡർ തീരുമാനിച്ചതും ഈ കാരണത്താലത്രേ.

ലീഡറോടൊപ്പം വന്നവർക്ക് ഈയിടെ ചില നക്കാപ്പിച്ചകളൊക്കെ കിട്ടി. കുറുപ്പിന് വൈസ് പ്രസിഡന്റ് സ്ഥാനം. മറ്റു രണ്ടു നായൻമാർക്ക് ജനറൽ സെക്രട്ടറി സ്ഥാനം. യോഗ്യൻമാരായ മറ്റു നായൻമാർ ഇല്ലാതിരുന്നതുകൊണ്ട് പ്രധാനപ്പെട്ട സ്ഥാനങ്ങൾ ഇത്രമാത്രം. ഇതുകൊണ്ടൊന്നും താൻ തൃപ്തനല്ലെന്ന് ലീഡർജി പ്രഖ്യാപിച്ചു. പക്ഷേ പണ്ടൊക്കെ ചെയ്തുവന്നതുപോലെ കലാപക്കൊടിയുയർത്താനൊന്നും ലീഡർജി തയ്യാറല്ല. ഇറങ്ങിപ്പോകൂ എന്നു മദാമ്മ പറഞ്ഞാൽ എങ്ങോട്ടുപോകും?

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കുകയും കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നേ ഏല്പിക്കുകയും കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകുകയും ചെയ്യുന്നു. ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ വിരുന്ന് കഴിഞ്ഞു ഭയം കൂടാതെ നിങ്ങളെത്തന്നേ തീറ്റുന്നവർ; കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ; തങ്ങളുടെ നാണക്കേട് നുരച്ചുതള്ളുന്ന കൊടിയ കടൽത്തിരകൾ; സദാകാലത്തേക്കും അന്ധതമസ്സ് സൂക്ഷിച്ചുവച്ചിരിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ തന്നേ. യൂദാ. 11-13.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# ജോകുര്യൻ വഞ്ചിച്ചെന്ന്



മോനായിയുടെ പത്രത്തിന്റെ അസോഷ്യേറ്റ് എഡിറ്ററാണെങ്കിലും വിശ്വാസികളോടു പണം വാങ്ങി തട്ടിപ്പു നടത്തുന്ന കള്ളനാണ് ജോകുര്യൻ എന്നു ഡിഫെൻഡറിനു വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടു ചോദിക്കട്ടെ: എന്താ പ്രശ്നം?

ഞങ്ങൾ കേട്ടതു ശരിയാണെങ്കിൽ ജോകുര്യനും ജോകുര്യന്റെ അസിസ്റ്റന്റായ മറ്റൊരു പാസ്റ്ററും ചേർന്ന് പലരോടായി കുറച്ചധികം പണം വാങ്ങി. സുവിശേഷത്തിന്റെ പേരുപറഞ്ഞാണു വാങ്ങിയത്. പക്ഷേ സുവിശേഷം എന്നല്ല ഒരു വിശേഷവും ഉണ്ടായില്ല. അതുകൊണ്ട് പണം കൊടുത്തവർ അതു മടക്കി ചോദിക്കുന്നു. എന്നാൽ ഈ പണത്തിന്റെ പാപത്തിൽ തനിക്കു പങ്കില്ല എന്ന നിലപാടാണ് ജോകുര്യൻ സ്വീകരിക്കുന്നത്. അത് അംഗീകരിക്കാൻ പണം കൊടുത്തവർ തയ്യാറാകുന്നുമില്ല. ജോകുര്യന്റെ അറിവും സമ്മതവും കൂടാതെ ഇത്ര വലിയ തട്ടിപ്പു നടക്കുകയില്ല എന്നാണ് അവർ പറയുന്നത്. ഏതായാലും പ്രശ്നം ഗുരുതരമാകുന്ന ലക്ഷണമുണ്ട്. അതുകൊണ്ട് ജോകുര്യൻ ഈ പ്രശ്നം ഉടൻ പരിഹരിക്കണം.

# വിസിറ്റംഗ് പാസ്റ്റർമാരേക്കൊണ്ട് അമേരിക്കൻ വിശ്വാസികൾ മടുത്തു

അമേരിക്കയുടെ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്തത്ര ഗുരുതരമായ പ്രശ്നമാണ് ഇത്തവണ പാസ്റ്റർമാരുടെ ചാകരമൂലം അമേരിക്കയിൽ ഉണ്ടായിരിക്കുന്നത്. സകല അണ്ടനും അടകോടനും അമേരിക്കയിൽ എത്തിയിരിക്കയാണ്. ഇവർക്കൊക്കെ താമസത്തിനും യാത്രയ്ക്കുമുള്ള സൗകര്യങ്ങൾ വേണം. കൈമടക്കു കൊടുക്കണം. ശരിക്കും കുഴഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ.

അമേരിക്കയിൽ ഇപ്പോൾ സന്ദർശനം നടത്തുന്ന ചെറുതും വലുതുമായ പാസ്റ്റർമാരുടെ സംഖ്യ ആയിരത്തോളമാണെന്ന് അറിയാൻ കഴിഞ്ഞു. മിക്ക വീടുകളിലും മിനിമം ഒരു പാസ്റ്ററെങ്കിലും ഉണ്ടാകുമെന്നു ചുരുക്കം. സഭായോഗത്തിന് അഞ്ചും പത്തും പാസ്റ്റർമാരുണ്ടാകും. എല്ലാവർക്കും പണം കൊടുക്കണം. സഭായോഗം കഴിഞ്ഞ് ചുറ്റിപ്പറ്റി നിന്നാൽ ഏതെങ്കിലുമൊരു പാസ്റ്റർ കഴുത്തിൽ ചുറ്റും. അതുകൊണ്ട് ബുദ്ധിയുള്ളവരെല്ലാം സഭായോഗം കഴിഞ്ഞാലുടൻ മുങ്ങും. ആശീർവാദം പറയുന്നതിനു മുൻപുതന്നെ മുങ്ങുന്ന വിരുതൻമാരുമുണ്ട്. യാതൊരു ബന്ധവും കുന്തവുമില്ലാത്തവരെ വീട്ടിൽ താമസിപ്പിക്കേണ്ടിവരുന്നവരുടെ സ്ഥിതി തികച്ചും പരിതാപകരമാണ്. പലരുടേയും കൈയ്യിലിരുപ്പ് ശരിയല്ലെന്നതു പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. റോയി എന്ന പാവപ്പെട്ടവന്റെ വീട്ടിൽ മോനായി താമസിക്കാനിടയായതുതന്നെ നല്ല ഉദാഹരണം. കേരളത്തിൽ കൺവെൻഷൻ സീസൺ ആരംഭിക്കുന്നതുവരെ ഈ ഉപദ്രവം അമേരിക്കക്കാർ സഹിക്കേണ്ടതായിവരും എന്നു തീർച്ച.

# സാമച്ചൻ യൂട്യൂബിൽ

അന്തർദ്ദേശീയ കള്ളപ്രവാചകനായ സാമച്ചനെതിരെ കരവാളൂരിൽ നടന്ന പ്രതിഷേധയോഗത്തേക്കുറിച്ച് പുനലൂരിലുള്ള ഒരു ലോക്കൽ ടി.വി ചാനലിൽ സംപ്രേക്ഷണം ചെയ്ത വാർത്ത യൂട്യൂബിൽ ലഭ്യമാണ്. വീഡിയോയുടെ ക്വാളിറ്റി അത്ര നല്ലതല്ലെങ്കിലും വസ്തുതകൾ മനസ്സിലാക്കാൻ ഇതു സഹായകമാകും. ലിങ്ക് ഇതാ:
http://youtube.com/watch?v=hn1QTT0X5PM#



# വരുന്നൂ പുതിയ ആത്മീയ ചാനൽ

ഒരു പുതിയ പെന്തക്കോസ്ത് ചാനൽ വരുന്നൂ. ഈ വർഷം അവസാനമോ അടുത്ത വർഷം ആരംഭത്തിലോ സംപ്രേക്ഷണം തുടങ്ങാനാണ് പദ്ധതി.

കെ.സി.ജോണിന്റെ ചവർ ചാനലിന്റെ ഒരു പുതിയ പതിപ്പായിരിക്കുമോ ഇത് എന്നു ഡിഫെൻഡർ അന്വേഷിച്ചു. ചവറുപോലുള്ള ചാനലല്ല ഇതെന്നാണ് അറിയാൻ കഴിഞ്ഞത്. ഒന്നാമതായി, വിശ്വാസികളോടു പണം പിരിച്ചല്ല ഈ ചാനൽ നടത്തുന്നത്. സുവിശേഷസ്നേഹിയായ ഒരാൾ സ്വന്തം പണം മുടക്കിയാണ് ചാനൽ തുടങ്ങുന്നത്. (അത്രയും നന്ന്). സത്യസുവിശേഷത്തിനു വിരുദ്ധമായ ഒരു പരിപാടിയും സംപ്രേക്ഷണം ചെയ്യുകയില്ല. ആത്മീയ പരിപാടികളോടൊപ്പം ആത്മീയതയ്ക്കു വിരുദ്ധമല്ലാത്ത മറ്റു പരിപാടികളും ഉണ്ടാകും. ഇതൊക്കെയാണ് സംഘാടകർ ലക്ഷ്യമിടുന്നത്. ഇങ്ങനെയൊക്കെയാണ് നടക്കാൻ പോകുന്നതെങ്കിൽ ഡിഫെൻഡറിന്റെ പിൻതുണ തീച്ചയായും ഉണ്ടാകും.

# പത്രങ്ങൾക്ക് രജിസ്ട്രേഷൻ നിർബ്ബന്ധം

പത്രത്തിനു ടൈറ്റിൽ ക്ലിയറൻസ് എടുക്കുകയും പത്രം തുടങ്ങുകയും ചെയ്തു കഴിഞ്ഞ് ആർ.എൻ.ഐ രജിസ്ട്രേഷൻ എടുക്കണമെന്ന വസ്തുത മിക്കവർക്കും അറിഞ്ഞുകൂടാ. ഇപ്രകാരം രജിസ്ട്രേഷൻ എടുത്തില്ലെങ്കിൽ രണ്ടു വർഷം കഴിയുമ്പോൾ ടൈറ്റിൽ ക്ലിയറൻസ് റദ്ദാകും. ആ ടൈറ്റിൽ മറ്റാർക്കെങ്കിലും നൽകിയെന്നും വരാം.

അടുത്തകാലം വരെ പോസ്റ്റൽ രജിസ്ട്രേഷൻ ലഭിക്കുവാൻ ജില്ലാ അധികാരിയുടെ മുൻപിൽ നടത്തുന്ന ഡിക്ലറേഷന്റെ കോപ്പി മതിയാകുമായിരുന്നു. എന്നാൽ നിലവിലുള്ള പത്രങ്ങൾക്കും പുതിയതായി അപേക്ഷിക്കുന്ന പത്രങ്ങൾക്കും ആർ.എൻ.ഐ രജിസ്ട്രേഷൻ നിർബ്ബന്ധമാക്കിക്കൊണ്ട് മെയ് 5ന് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. ആകയാൽ എല്ലാ പത്രങ്ങളും തങ്ങൾക്ക് ആർ.എൻ.ഐ രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പുവരുത്തുക.

# രോഗശാന്തി നടത്താൻ പഠിപ്പിക്കുന്നു

രോഗശാന്തിവരം എന്നത് ഒരു കൃപാവരമാണ്. ദൈവാത്മാവ് സ്വന്ത ഇഷ്ടപ്രകാരം അത് നൽകുകയാണു ചെയ്യുന്നത്. പക്ഷേ അതൊക്കെ അന്തക്കാലം. ഇപ്പോൾ രോഗശാന്തി നടത്താൻ പഠിപ്പിക്കുന്ന സ്ഥിതിവരെ എത്തിയിരിക്കുന്നു കാര്യങ്ങൾ.

എറണാകുളത്തിനടുത്ത് ഒരു പ്രാർത്ഥനാലയം നടത്തുന്ന ഷാജി ജോസഫ് എന്നൊരു കള്ളൻ രോഗശാന്തി നടത്താൻ പഠിപ്പിക്കുന്ന ഒരു സ്ക്കൂൾ നടത്തുന്നുണ്ട്. ക്ലാസ്സിൽ പങ്കെടുക്കാൻ സാധിക്കാത്തവർ സിഡി കണ്ടാലും മതിയാകും. കൂടുതൽ വിവരങ്ങൾ പിന്നാലെ.

# സിഗററ്റും മദ്യവുമായി യേശു




കൈയ്യിൽ സിഗററ്റും മദ്യവുമായി യേശു പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഏതെങ്കിലും സുവിശേഷവിരോധികളായിരിക്കും ഇതിനു പിന്നിൽ എന്നു നിങ്ങൾ കരുതുന്നെങ്കിൽ തെറ്റി. പത്രോസ് വരെയെത്തുന്ന പാരമ്പര്യം പറയുന്ന 'ചുത്തമാന' കത്തോലിക്കാ സഭയാണ് ഈ വികൃതി കാണിച്ചിരിക്കുന്നത്.

ലത്തീൻ കത്തോലിക്കാസഭയുടെ നെയ്യാറ്റിൻകര രൂപതയുടെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് വചനജ്യോതിസ്സ്. ഇതിന്റെ ജൂൺ അഞ്ച് ലക്കത്തിലാണ് വിവാദ ചിത്രമുള്ളത്. ഹൃദയം ശരീരത്തിനും വസ്ത്രത്തിനും പുറത്തു ഫിറ്റ് ചെയ്തു നിൽക്കുന്ന യേശുവിനെ കത്തോലിക്കർക്കു പ്രിയമാണ്. (ഇതേരൂപത്തിലുള്ള മറിയത്തേയും കത്തോലിക്കർ വണങ്ങാറുണ്ട്). ഹൃദയത്തിനു ചുറ്റം മുൾമുടിയും ഹൃദയത്തിനു മുകളിൽ കുരിശുമുണ്ട്. കൂടാതെ, ഹൃദയം അഗ്നിമയവുമാണ്. വലതുകൈയ്യിലെ രണ്ടു വിരൽ ഉയർത്തിപ്പിടിച്ചു നിൽക്കുന്ന രൂപത്തിലാണ് യേശുവിനെ കാണുന്നത്. ഈ വിരലുകൾക്കിടയിലാണ് ഇപ്പോൾ സിഗററ്റ് പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഇടതുകൈയ്യിലാണ് മദ്യക്കുപ്പി. എന്താണു സഭ ഇതുകൊണ്ട് അർത്ഥമാക്കുന്നതെന്നു മാസികയിൽ ഒരിടത്തും പറയുന്നുമില്ല എന്നതാണ് ഏറെ വിചിത്രം.

എടുത്തു പറയത്തക്ക ഒരു കാരണവും കൂടാതെ ഇത്തരമൊരു ചിത്രം സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണത്തിന്റെ പുറംചട്ടയിൽത്തന്നെ വന്നത് സഭാനേതൃത്വത്തെ വെട്ടിലാക്കിയിരിക്കയാണ്. ഇന്റർനെറ്റിൽ നിന്നു ഡൗൺലോഡ് ചെയ്തെടുത്ത ചിത്രം സൂക്ഷ്മനീരീക്ഷണമോ വിശദമായ അന്വേഷണമോ കൂടാതെ മാസികയുടെ പുറംചട്ടയാക്കിയതാണു പ്രശ്നമെന്നു തോന്നുന്നു. സംഭവം വലിയ വിവാദമായതോടെ നിരുപാധികം ക്ഷമ പറഞ്ഞു പ്രശ്നം അവസാനിപ്പിക്കാൻ ബിഷപ്പ് അദ്ധ്യക്ഷനായുള്ള പത്രാധിപ സമിതി ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല. അതുകൊണ്ട് എങ്ങനെ ഈ പ്രശ്നം പരിഹരിക്കണമെന്നറിയാതെ കുഴയുകയാണ് നെയ്യാറ്റിൻകര രൂപത.



# ന്യൂ ജനറേഷൻ സഭ എന്നാൽ എന്ത്?

ന്യൂ ജനറേഷൻ സഭകളേക്കുറിച്ച് ഒട്ടേറെ വിവാദങ്ങൾ നടക്കുന്ന സമയമാണിത്. പക്ഷേ എന്താണു ന്യൂ ജനറേഷൻ സഭ എന്നു മിക്കവർക്കും അറിയില്ല. അതുകൊണ്ട് ഈ വിഷയത്തേക്കുറിച്ച് ചർച്ച ചെയ്യാം.

ന്യൂജനറേഷൻ സഭയ്ക്ക് കൃത്യമായ ഒരു നിർവ്വചനം കൊടുക്കാൻ പറ്റില്ല എന്നതാണ് വസ്തുത. അതുകൊണ്ട് ചില സുപ്രധാന ലക്ഷണങ്ങൾ പറയുക മാത്രമേ ചെയ്യുന്നുള്ളൂ.

ഭൂരിപക്ഷം ന്യൂ ജനറേഷൻ സഭകളും കൾട്ടുകളുടെ ലക്ഷണങ്ങളുള്ളവയായിരിക്കും. തങ്ങളുടെ സഭ മാത്രമാണ് യഥാർത്ഥ സഭയെന്നും അവിടെ മാത്രമാണ് ദൈവപ്രവൃത്തി ഉള്ളതെന്നും ഇവർ പഠിപ്പിക്കുന്നു, കുറഞ്ഞപക്ഷം അങ്ങനെ വിശ്വസിക്കയെങ്കിലും ചെയ്യുന്നു.

ന്യൂ ജനറേഷൻ സഭകൾ സാധാരണയായി ഒന്നോ രണ്ടോ വ്യക്തികളിൽ കേന്ദ്രീകരിച്ചാകും പ്രവർത്തിക്കുക. ഉദാഹരണത്തിന് തങ്കു, തോമസ്കുട്ടി എന്നിവരാണ് സ്വർഗ്ഗീയ വിരുന്നിന്റെ കേന്ദ്രബിന്ദു. പി.ആർ.ബേബിയെ കൂടാതെ ഫെയ്ത്ത് സിറ്റിക്ക് നിലനിൽപ്പില്ല. ഡാമിയനും ഭാര്യയും ഇല്ലെങ്കിൽ അവരുടെ പ്രസ്ഥാനത്തിന്റെ കഥ കഴിയും. ചുരുക്കത്തിൽ സഭയല്ല നേതാവാണ് ന്യൂ ജനറേഷൻ സഭയെന്നു പറയാം. തേനീച്ചകളുടെ കോളനി പോലെയാണ് ഈ സഭകൾ. റാണിയില്ലെങ്കിൽ കോളനിയില്ല. ഒന്നിലധികം റാണികളുണ്ടായാൽ ഏറെ താമസിയാതെ കോളനി പിരിയും.

വ്യക്തമായ ഉപദേശങ്ങളില്ല എന്നതും ന്യൂ ജനറേഷൻ സഭകളുടെ പ്രത്യേകതയാണ്. നേതാവിന്റെ ഹിതമനുസരിച്ച് ഉപദേശങ്ങൾ മാറുകയും മറിയുകയും ചെയ്യും. തങ്കു പറയുന്നതാണ് സ്വർഗ്ഗീയ വിരുന്നിന്റെ ഉപദേശം. ഡാമിയൻ പറയുന്നതാണ് മാസ്റ്റർ മിനിസ്ട്രിയുടെ ഉപദേശം.

എല്ലാ ന്യൂ ജനറേഷൻ സഭകളും സമൃദ്ധിയുടെ ഉപദേശം പഠിപ്പിക്കുന്നു. യേശുവിന്റെ പിന്നാലെ ഇറങ്ങിയാൽ രോഗം, പട്ടിണി, മറ്റു ബുദ്ധിമുട്ടുകൾ തുടങ്ങിയവയെല്ലാം മാറുമെന്ന് ഇവർ പഠിപ്പിക്കുന്നു. രോഗവും പട്ടിണിയും മറ്റും ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്നും ശാപം പൊട്ടുന്നതോടെ ഇവയെല്ലാം ശാശ്വതമായി മാറുമെന്നും ന്യൂ ജനറേഷൻ സഭകൾ പഠിപ്പിക്കുന്നു. ശാപം പൊട്ടിക്കൽ ശുശ്രൂഷ എന്നൊരു പരിപാടി എല്ലാ ന്യൂ ജനറേഷൻ സഭകളിലുമുണ്ട്.

രോഗശാന്തി ശുശ്രൂഷയും സാക്ഷ്യം പറയിപ്പിക്കലും ന്യൂ ജനറേഷൻ സഭകളുടെ അവിഭാജ്യ ഘടകങ്ങളാണ്. തങ്ങളുടെ നേതാവിന്റെ പ്രാർത്ഥനയാൽ രോഗസൗഖ്യം ഉണ്ടായി എന്നല്ലാതെ മറ്റേതെങ്കിലും സഭയിൽവച്ച് രോഗസൗഖ്യമുണ്ടായി എന്ന് ഇവർ സാക്ഷ്യം പറയിക്കില്ല. തങ്കു പ്രാർത്ഥിച്ചു സൗഖ്യമുണ്ടായി എന്നു പി.ആർബേബിയുടെ സഭയിൽ പറയാൻ പറ്റില്ല. ഡാമിയൻ പ്രാർത്ഥിച്ചു സൗഖ്യമുണ്ടായി എന്നു തങ്കുവിന്റെ സഭയിലും പറയുകയില്ല. ഓരോ ഗ്രൂപ്പിനും സ്വന്തം ദൈവങ്ങളുണ്ട്. ആ ദൈവം ആ ഗ്രൂപ്പിൽ മാത്രമേ അത്ഭുതം പ്രവർത്തിക്കൂ.

ന്യൂ ജനറേഷൻ ഗ്രൂപ്പുകൾക്കു നേതൃത്വം കൊടുക്കുന്നവരിൽ ഭൂരിപക്ഷവും ദൈവവചനം പഠിച്ചിട്ടില്ല. ബൈബിൾ കോളേജിൽ ചേർന്നു ദൈവവചനം പഠിക്കുന്നതു മഹാപാപമാണ് എന്നു പ്രസംഗിക്കുന്നവർപോലുമുണ്ട്. ഈ ഗ്രൂപ്പിലെ നേതാക്കളാരും ദൈവവചനത്തിന്റെ ആഴത്തിലേക്ക് ഇറങ്ങി പ്രസംഗിക്കാറില്ല. വചനത്തിന്റെ ആഴങ്ങൾ ഇവർക്ക് അജ്ഞാതമാണ്. ദൈവം അത്ഭുതം പ്രവർത്തിച്ച കുറെ സംഭവങ്ങൾ വിവരിച്ച് വിവരദോഷികളെ ആവേശംകൊള്ളിക്കുക മാത്രമാണ് ഇവർ ചെയ്യുന്നത്.

ഒറ്റ നോട്ടത്തിൽ ശരിയെന്നുതോന്നുന്ന മോഹന വാഗ്ദാനങ്ങൾ നൽകി സാധാരണക്കാരുടെ പണം പിടുങ്ങുകയും വ്യാജ പ്രതീക്ഷകൾ നൽകി വഞ്ചിക്കുകയുമാണ് ഈ ന്യൂ ജനറേഷൻ സഭകൾ ചെയ്യുന്നത്. ഈ ഗ്രൂപ്പുകളുടെ പിന്നിൽ പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവല്ല ദുരാത്മാവാണ്. സത്യസുവിശേഷമല്ല മാമ്മോന്റെ സുവിശേഷമാണ് ഇവർ പ്രസംഗിക്കുന്നത്. ഈ കൾട്ട് ഗ്രൂപ്പുകൾക്ക് ദൈവസഭയുമായി ബന്ധമൊന്നുമില്ല.




# ഡിഫെൻഡർ മറുപടി പറയുന്നു

**?** തങ്കുവിനും കെ.പി.യോഹന്നാനും മറ്റും എതിരായി ഈയിടെ നടന്ന റെയ്ഡും മറ്റും ക്രൈസ്തവപീഡനമാണെന്ന് ചിലർ പറയുന്നു. അതല്ല, ഇത് ദൈവീക ന്യായവിധിയാണെന്ന് മറ്റുചിലരും പറയുന്നു. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണു പറയാനുള്ളത്?

■ ഇതു ക്രൈസ്തവ പീഡനമാണെന്നു പറയാൻ വിവരംകെട്ടവർക്കു മാത്രമേ കഴിയൂ. സംശയമുള്ളവർ ശാരോനിൽ നടന്ന ഉപവാസത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് പരിശോധിക്കൂ.

ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നു എന്ന് ആരോപിച്ച് ഉപവാസം നടത്തിയവർ ആരൊക്കെ? ഹാലേലൂയ്യായുടെ ജൂൺ 15 ലക്കത്തിൽ 16 പേരുടെ പടം കൊടുത്തിട്ടുണ്ട്. ജ്യേഷ്ഠന്റെ നിഴലിൽ പാസ്റ്ററായ തോമസ് ഫിലിപ്പ്, മുടന്തൊഴികെയുള്ള എല്ലാ രോഗങ്ങളും സൗഖ്യമാക്കുന്ന രാജൂ പൂവക്കാല, ഏതോ ഒരു സാം ജോൺ, വിവരക്കേടിന്റെ ആൾരൂപമായ കെ.എ.ഏബ്രഹാം, മഹാനായ സുരേഷ് ബാബു, ഇന്റർ നാഷണൽ തട്ടിപ്പുകാരനായ സാമച്ചൻ, വ്യാജ ഉണർവ്വുകാരനായ ജോൺ ലോറൻസ്, വിവരദോഷിയായ സാം റ്റി. വർഗീസ്, വിശുദ്ധ തോമസ്കുട്ടി, ഹെലികോപ്ടർ കിട്ടാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന നോബിൾ പി. തോമസ്, മഹാകള്ളനായ ജോൺ താരു, തുള്ളൽ വിദഗ്ദ്ധനായ സ്റ്റാൻലി കുമളി, അവറാന്റെ സഹോദരനും വിവരദോഷിയുമായ കെ.എ.തോമസ്, ചുക്കും ചുണ്ണാമ്പും തിരിച്ചറിയാൻ കഴിവില്ലാത്ത ജോഷി ആലപ്പുഴ, അഡ്വക്കേറ്റ്സ് കോഡ് ലംഘിച്ചു പ്രസംഗിച്ച അഡ്വ.ബീന ചാൾസ്, മാത്യു ലാസർ എന്നിവരുടെ ചിത്രങ്ങളാണ് ഹാലേലൂയ്യായിലുള്ളത്. ഇവരിൽ അല്പമെങ്കിലും വിവരമുള്ളത് മാത്യു ലാസറിനു മാത്രമാണ്. അതുകൊണ്ട് മറ്റുള്ളവർ പറഞ്ഞതിനു വിരുദ്ധമായാണ് ഇദ്ദേഹം പറഞ്ഞത്. ബാക്കിയുള്ള 15 പേരും ശുദ്ധ വിവരക്കേടു പറഞ്ഞു.

സുവിശേഷത്തിന്റെ മറവിൽ കോടികൾ സമ്പാദിച്ചവർക്കെതിരെ സർക്കാർ അന്വേഷണം നടത്തിയെന്നല്ലാതെ ഒരു പീഡയും ഇവിടെ ഉണ്ടായിട്ടില്ല. പെന്തക്കോസ്ത് നേതാക്കൻമാർ നിയമത്തിന് അതീതരാണെന്നാണോ ഈ ശുംഭൻമാർ ധരിച്ചുവച്ചിരിക്കുന്നത്? ഇവനെയൊക്കെ ജയിലിൽ അടയ്ക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഇതു ദൈവത്തിന്റെ ന്യായവിധിയാണോ? അതിനുള്ള ഉത്തരം അല്പം വളച്ചുകെട്ടി പറയാം. എന്തിനും ഏതിനും ദൈവത്തിന്റെ നാമം വൃഥാ എടുക്കുന്ന പ്രവണതയാണിന്നുള്ളത്. ദൈവത്തിന്റെ ആത്മാവു പറയുന്നു എന്നുപറഞ്ഞുകൊണ്ട് ഭൂരിപക്ഷം പ്രസംഗകരും വായിൽ തോന്നിയത് വിളിച്ചുപറയുകയാണ്. നിങ്ങൾ പറഞ്ഞു എന്നു പറഞ്ഞ് ആരെങ്കിലും ശുദ്ധ വിവരക്കേടു പറഞ്ഞാൽ നിങ്ങൾക്ക് എന്തു തോന്നും? അതുതന്നെയാണ് ദൈവത്തിനും തോന്നുന്നത്.

ബൈബിളിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പറയുമ്പോൾ ‘ബൈബിൾ പറയുന്നു’ എന്നു പറയാം. കർത്താവായ യേശുക്രിസ്തു പറഞ്ഞതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ പറയുമ്പോൾ കർത്താവു പറയുന്നു എന്നും പറയാം. പക്ഷേ ‘നിന്റെ സാമ്പത്തികബുദ്ധിമുട്ടൊക്കെ ഈ നിമിഷം മാറ്റാമെന്ന് ദൈവാത്മാവു പറയുന്നു’ എന്നു പറയുന്നത് ഭോഷ്ക്കാണ്. കാരണം, ദൈവം ആ സമയത്ത് അങ്ങനെ പറഞ്ഞില്ല എന്നതുതന്നെ. ഇത്തരം പ്രസംഗകർ ദൈവത്തെ കള്ളനാക്കുകയാണ്.

ഇപ്പോൾ നടക്കുന്നതു ദൈവീക ന്യായവിധിയാണോ എന്ന ചോദ്യത്തിനുള്ള ഉത്തരമാണു പറഞ്ഞുവരുന്നത്. നമുക്കു വിരോധമുള്ള ആർക്കെങ്കിലും ഒരു പനി വന്നാൽ അതു ദൈവീക ന്യായവിധിയാണെന്നു നാം പറയും. മാറാരോഗം വന്നാലുള്ള കഥ പറയുകയും വേണ്ട. ഇതൊന്നും ശരിയായ നിലപാടല്ല. ദൈവം വലിയവനാണ്, അത്യുന്നതനാണ്. ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത്. നമുക്കു വിരോധമുള്ളവരോടെല്ലാം ദൈവത്തിനും വിരോധമാണെന്ന ധാരണ ഉപേക്ഷിക്കുക. ആത്മീയലോകത്തെ കള്ളൻമാരേയും ദുർന്നടപ്പുകാരേയും മറ്റും ദൈവം സംരക്ഷിക്കുന്നു എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. പക്ഷേ നമ്മുടെ വിചാരങ്ങളല്ല ദൈവത്തിന്റെ വിചാരങ്ങൾ.

ഇപ്പോൾ ഉണ്ടായിരിക്കുന്നത് ദൈവീക ന്യായവിധിയാണെങ്കിൽ രണ്ടോ മൂന്നോ കള്ളൻമാരെ പിടിച്ചിട്ട് ദൈവം മറ്റുള്ളവരെ വിട്ടുകളഞ്ഞതെന്തുകൊണ്ട് എന്നു ചോദിച്ചാൽ എന്തു മറുപടി പറയും? അതുകൊണ്ട് ദൈവത്തിന്റെ നാമം ഇതിലേക്കു വലിച്ചിഴയ്ക്കരുത്. സന്തോഷ് മാധവനും തോക്കുസ്വാമിയും ഉൾപ്പെടെയുള്ള കള്ളൻമാർക്കെതിരെ നടപടിയെടുത്തപ്പോൾ പെന്തക്കോസ്തിലെ ചില കള്ളൻമാർക്കെതിരേയും നടപടിയുണ്ടായി. മറ്റു മതങ്ങളിലെ കള്ളൻമാർക്കുണ്ടായതുപോലെ തികച്ചും സ്വാഭാവികമായ പ്രശ്നങ്ങളാണ് പെന്തക്കോസ്തിലും ഉണ്ടായത്. ഇത് യഥാർത്ഥത്തിലുള്ള ദൈവീക ന്യായവിധിയായിരുന്നെങ്കിൽ ഇതൊന്നുമായിരിക്കില്ല നടക്കുക.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.
Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# മോഷണായി കുഴയുന്നു



സത്യം സത്യമായി പറഞ്ഞാൽ മോഷണായിയുടെ കാര്യം ബഹു കഷ്ടമാണ്. അമേരിക്കയിലെങ്ങും തെണ്ടി നടക്കുകയാണ് ഈ മാന്യദേഹമിപ്പോൾ. ആരും ഈ ചങ്ങാതിയെ അടുപ്പിക്കുന്നില്ല.

2500 കോപ്പി അടിച്ചിട്ടു സുഭാഷിതത്തിന് അഞ്ചുലക്ഷം വായനക്കാരുണ്ടെന്നു പറയുന്നതുപോലെയാണ് ഡിഫെൻഡറിന്റെ കാര്യവും എന്നാണു മോനായി കരുതിയത്. ബാലന്റെ ലൊടുക്കൂസ് പത്രം അമേരിക്കയിലുള്ളവർ കേട്ടിട്ടുപോലുമില്ലെന്നു കരുതിയാണ് മോനായി അമേരിക്കയിലെത്തിയത്. പക്ഷേ മോനായിയുടെ കണക്കുകൂട്ടൽ തെറ്റി. അമേരിക്കയിൽ ഡിഫെൻഡർ വായിക്കാത്ത മലയാളി പെന്തക്കോസ്തുകാർ ചുരുക്കം. ഡിഫെൻഡറിലൂടെ മോഷണായി ഏവർക്കും സുപരിചിതൻ. അവാർഡ് ബിസിനസ്സ് ഉൾപ്പെടെ എല്ലാ കഥകളും ജനത്തിനറിയാം. ബാലൻ മഹാ മോശക്കാരനാണ്, സൈബർ കേസ്സിലെ പ്രതിയാണ്, കൊമ്പും വാലുമുള്ളവനാണ് എന്നൊക്കെ പറഞ്ഞിട്ടും ജനം വിശ്വസിക്കുന്നില്ല. ഐ.പി.സി. ഫാമിലി കോൺഫ്രൻസിനു പോയിട്ട് ആരും മൈന്റ് ചെയ്തതുമില്ല. അതുകൊണ്ട് പെന്തക്കോസ്ത് കോൺഫ്രൻസിനു പോകേണ്ടതില്ല എന്നും തീരുമാനിച്ചു. അവാർഡ് കൊടുക്കാമെന്നു പറഞ്ഞ് പലരേയും സമീപിച്ചെങ്കിലും മോനായിയുടെ അവാർഡ് വാങ്ങി നാണംകെടാൻ ആരും തയ്യാറായില്ല. പത്രത്തിന് വരിസംഖ്യപോലും കിട്ടുന്നുമില്ല. ഒബാമയെ കണ്ട് ഒരു ഇന്റർവ്യൂ നടത്താനും തരം കിട്ടിയാൽ ഒബാമക്ക് ഒരു അവാർഡ് കൊടുക്കാനുമുള്ള ശ്രമത്തിലാണു മോനായി എന്നാണ് അവസാനം കേട്ടത്.

# ഡാക്കിട്ടർ ചാർലി മുങ്ങി

നൂറുകണക്കിനു സാധുക്കളെ കബളിപ്പിച്ച് ചാർലി മുങ്ങി. കോട്ടയം കഞ്ഞിക്കുഴി കവലയിൽ ഡിവൈൻ ഫെസ്റ്റ് എന്ന തട്ടിപ്പു സഭ നടത്തിയിരുന്ന ചുമ്മാഡോ ചാർലിയേക്കുറിച്ചാണ് പറഞ്ഞു വരുന്നത്. ഈ ചങ്ങാതി പലരിൽ നിന്നായി ലക്ഷക്കണക്കിനു രൂപ പല കാരണങ്ങൾ പറഞ്ഞു വാങ്ങിയിരുന്നു. ഒന്നും തിരിച്ചു കൊടുത്തില്ല. പണം തിരികെ കിട്ടാനായി ആളുകൾ എത്തുന്നതു പതിവായതോടെ ചാർളി പ്രാർഥന മതിയാക്കി മുങ്ങിയിരിക്കയാണ്.

എല്ലാവർക്കും പണം തിരികെ കൊടുക്കുമെന്നും അതിനുള്ള പണം സമാഹരിക്കാനാണ് ചാർലി പോയിരിക്കുന്നതെന്നുമാണ് പ്രചരണം. പക്ഷേ ആഹരിക്കലല്ലാതെ സമാഹരിക്കലോ പണം തിരികെ കൊടുക്കലോ ഉണ്ടാകില്ലെന്നു തീർച്ച. ഇയാൾ തട്ടിപ്പുകാരനാണെന്ന് ഡിഫെൻഡർ പലവട്ടം എഴുതിയിട്ടും വിശ്വസിക്കാത്തവർ ഇപ്പോഴെങ്കിലും സത്യം ഗ്രഹിച്ചാൽ നന്ന്.

# വിൽക്കുന്നവരും വാങ്ങുന്നവരും

കൺവെൻഷൻ സ്ഥലത്ത് പുസ്തകങ്ങളും സി.ഡികളും മറ്റും വിൽക്കുന്നതു കൊടിയ പാപമൊന്നുമല്ല. പക്ഷേ യോഗങ്ങൾ നടക്കുമ്പോൾ ഇതൊക്കെ ഒഴിവാക്കേണ്ടതാണ്. ഈയിടെ അമേരിക്കയിൽ നടന്ന ഐ.പി.സി ഫാമിലി കോൺഫ്രൻസിൽ യോഗങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴും കച്ചവടം ഗംഭീരമായി നടന്നു എന്നു പറയപ്പെടുന്നു. ഇതിനു തെളിവായി ഒരു വീഡിയോയും ഇന്റർനെറ്റിൽ ലഭ്യമാണ്. യോഗം നടക്കുന്ന സമയത്തു നടന്ന കാര്യങ്ങളാണിവയെങ്കിൽ സംഗതി മോശമായിപ്പോയി എന്നു പറയാതെവയ്യ. Please Visit:
http://www.youtube.com/watch?v=oNJZjytRONo&feature=related

# പിള്ളേരല്ലേ, പിസിനാക്കല്ലേ

പിള്ളേരല്ലേ, പിണ്ണാക്കല്ലേ, കണ്ടാലിത്തിരി തിന്നാതിരിക്കുമോ എന്നാണല്ലോ പഴഞ്ചൊല്ല്. ലോകത്തെവിടെയായാലും പിള്ളേർ എന്നും പിള്ളേർ തന്നെ. പിണ്ണാക്കായാലും പിസിനാക്കായാലും തിന്നാനുള്ള ഒരവസരവും പിള്ളേർ വെറുതെ കളയുകയില്ല. പെന്തക്കോസ്ത് കോൺഫ്രൻസിൽ ചില പിള്ളേർ പിണ്ണാക്കു തിന്നുന്ന കാഴ്ച യൂട്യൂബിൽ കണ്ടാൽ പഴഞ്ചൊല്ലിൽ പതിരില്ലെന്ന് ഏവർക്കും ബോധ്യമാകും. സംശയമുള്ളവർ സംഭവം നേരിൽ കാണൂ:
http://www.youtube.com/watch?v=c85sZykjPsY&NR=1



# ഭോഷൻമാരുടെ സുഭാഷിതത്തിന് വംശനാശഭീഷണി

ഭോഷൻമാരുടെ സുഭാഷിതം വംശനാശഭീഷണിയിലാണെന്ന് അനിൽ കൊടിത്തോട്ടം. ബിലീവേഴ്സ് ജേർണലിന്റെ ജൂൺ ലക്കത്തിൽ ''പ്രധാന പത്രങ്ങളിലെ താപനില'' എന്ന തലക്കെട്ടോടെ എഴുതിയ ലേഖനത്തിലാണ് അനിൽ ഈ ആശങ്ക വായനക്കാരുമായി പങ്കുവയ്ക്കുന്നത്. അനിൽ എഴുതുന്നു: ''ലക്ഷക്കണക്കിനു വായനക്കാർ ഉണ്ടായിരുന്ന ചില പത്രങ്ങൾ വംശനാശ ഭീഷണിയിലാണ്. കാരണം, ആർ.എൻ.ഐ. രജിസ്ട്രേഷൻ ഇല്ലയെന്നതുതന്നെ. ഭോഷൻമാരുടെ സുഭാഷിതങ്ങൾ മറ്റൊരു രൂപത്തിലും ഭാവത്തിലും നമുക്കു പ്രതീക്ഷിക്കാം. വെറുംകവർ അവാർഡുകളുടെ മാമാങ്കം കൊഴുപ്പിക്കാൻ ഇനി ഏതു പത്രമുണ്ടെന്ന് മലയാളിക്ക് ആശങ്ക''.

ആധുനിക മലയാളത്തിൽ പറഞ്ഞാൽ ''സംഗതി കലക്കി അനിലേ''. സത്യം തുറന്നു പറയാൻ അനിലിനു ധൈര്യമുണ്ടെന്നു കാണുന്നതിൽ സന്തോഷം. പക്ഷേ സൂക്ഷിക്കുക. കള്ളൻമാരുടെ വലിയൊരു സംഘം ചുറ്റിലുമുണ്ട്. സത്യത്തേയും സത്യം പറയുന്നവനേയും അവർ ക്രൂശിക്കും.

# ടി.ജെ.ശാമുവലിന് ഉത്തരം മുട്ടുന്നു

അമേരിക്കൻ പര്യടനം നടത്തുന്ന ടി.ജെ.ശാമുവലിന് ഉത്തരം മുട്ടുന്നു. ടി.ജെ.ശാമുവലിനെ പുനലൂർ എ.ജിയിലെ വിശ്വാസികൾ ഘെരാവോ ചെയ്തതും ടൗൺ എ.ജി. ചർച്ചിലെ പാസ്റ്റർക്കെതിരെ നടപടിയെടുക്കാനുള്ള ശ്രമം പരാജയപ്പെട്ടതും മറ്റും ഡിഫെൻഡറിലൂടെ അറിഞ്ഞ അമേരിക്കൻ വിശ്വാസികളാണ് ടി.ജെ.ശാമുവലിനെ ചോദ്യങ്ങൾ ചോദിച്ചു കുഴയ്ക്കുന്നത്.

ടൗൺ എ.ജിയിലെ പ്രശ്നം കൂടാതെ മറ്റു പല വിഷയങ്ങളേക്കുറിച്ചും ജനം ചോദിക്കുന്നുണ്ട്. കെ.സി.ജോണുമായി ചേർന്ന് എന്തിനു റാലി നടത്തുന്നു എന്നതാണ് ഒരു പ്രധാന ചോദ്യം. 2020 ആകുമ്പോഴേക്കും ഇന്ത്യ ക്രൈസ്തവ ഭൂരിപക്ഷമുള്ള രാഷ്ട്രമാകും എന്നുള്ള പ്രചരണത്തേക്കുറിച്ചും ജനം ചോദിക്കുന്നുണ്ട്. ഭാരതസുവിശേഷീകരണത്തിന്റെ ഇല്ലാക്കഥകൾ പറഞ്ഞ് കുറെ പണം പിരിക്കാമെന്ന ഉദ്ദേശ്യത്തോടെ അമേരിക്കയിലെത്തിയ ടി.ജെ.ശാമുവലിന് കാര്യമായി ഒന്നും കിട്ടുന്നില്ലെന്നു മാത്രമല്ല, ചോദ്യങ്ങൾക്കു മറുപടി പറയാനാവാതെ ശരിക്കും ബുദ്ധിമുട്ടേണ്ടതായും വരുന്നു.

# കെ.സി. വാപസ് ആഗയാ

കെ.സി.ജോൺ വാപസ് ആഗയ (ഹൈ, ഹെ, ഹോ, ഹും). അതായത്, ഐ.പി.സിയുടെ ഏകനും പ്രത്യക്ഷനുമായ ജനറൽ പ്രസിഡന്റ് അമേരിക്കൻ പര്യടനം കഴിഞ്ഞ് മടങ്ങിയെത്തിയിരിക്കുന്നു. ഇത്തവണ എങ്ങും ക്ലച്ച് പിടിച്ചില്ല. ഐ.പി.സി ഫാമിലി കോൺഫ്രൻസിൽ പ്രസംഗിക്കുന്നതിനിടയിൽ പിടിച്ചിരുത്തി. ഐക്യ കോൺഫ്രൻസിൽ ഷൈൻ ചെയ്യാൻ പറ്റിയുമില്ല. ഒരു പണിയുമില്ലാതെ അമേരിക്കയിൽ കറങ്ങാനുള്ള ബുദ്ധിമുട്ടുകൊണ്ട് പോയവേഗത്തിൽ തിരിച്ചെത്തി.

# ആത്മീയയുദ്ധം: ഭൂതം വഹ

ഭൂതത്തിന് ആത്മീയയുദ്ധം അറിഞ്ഞുകൂടെങ്കിൽ എന്തു സംഭവിക്കും? എന്തും സംഭവിക്കാം. സംശയമുള്ളവർ ശാരോൻ ഫെലോഷിപ്പിന്റെ ജനറൽ സെക്രട്ടറിയും കുപ്രസിദ്ധ കള്ളനുമായ ടി.പി.ഏബ്രഹാമിന്റെ വനിതാ ബൈബിൾ കോളേജിൽ ഈയിടെ നടന്ന ഒരു ഭൂതമിറക്കു ശുശ്രൂഷയുടെ കഥ കേൾക്കൂ.

സായിപ്പിനെ പറ്റിച്ച് കാശുണ്ടാക്കാനായി ടി.പി.ഏബ്രഹാം രണ്ടു ബൈബിൾ കോളേജുകൾ നടത്തുന്നുണ്ട്. പുരുഷൻമാർക്കുള്ള കോളേജ് അശോകപുരത്തും സ്ത്രീകൾക്കുള്ള കോളേജ് എരുമത്തലയിലും. (പേടിക്കേണ്ട, എരുമത്തല എന്നത് ആലുവായ്ക്ക് അടുത്തുള്ള ഒരു സ്ഥലമാണ്, എരുമയുമായോ തലയുമായോ ബന്ധമില്ല). രണ്ടിടത്തും ആത്മീയ യുദ്ധം (സ്പിരിച്വൽ വാർഫെയർ) പഠിപ്പിക്കുന്നുണ്ട്. അതു തെറ്റാണെന്നു പറയാനുമാവില്ല.

ഈയിടെ നടന്ന ഒരു യോഗത്തിൽ വച്ച് ഒരു വിദ്യാർത്ഥിനിക്ക് ഭൂതമിളകി. ആത്മീയ യുദ്ധത്തിന്റെ ആശാനായ സാറിന് ഇതൊക്കെ നിസ്സാരം. അതുകൊണ്ട് അദ്ദേഹം ഈ പ്രശ്നം ഏറ്റെടുത്തു. താൻ ഇതുവരെ പഠിപ്പിച്ചിരുന്നതൊക്കെ മാന്യദേഹം പുറത്തെടുത്തു. പക്ഷേ ഭൂതത്തിന് ഇതൊന്നും അത്ര രസിച്ചില്ല. ഡീമണോളജിയും ആത്മീയ യുദ്ധവും മറ്റും അറിഞ്ഞുകൂടാത്തതുകൊണ്ടോ എന്തോ ഭൂതം പ്രതികരിച്ചത് ശരിക്കുള്ള നാടൻ ശൈലിയിലാണ്, അതായത് ഒന്നാംതരം നാടൻ തല്ല്. വാർഫെയറുകാരൻ ശരിക്കും വണ്ടറടിച്ചു. ഇതെന്തു കഥ. ആത്മീയ യുദ്ധം നടത്തേണ്ട ഭൂതങ്ങൾ ഇങ്ങനെ വെറുംകൈപ്രയോഗം നടത്തിയാലോ? ഏതായാലും ഇദ്ദേഹം പഠിപ്പിച്ചുവന്ന വാർഫെയറിന്റെ സിലബസ്സിൽ നാടൻ തല്ല് എന്നൊരിനംകൂടി അടുത്തകൊല്ലം മുതൽ ഉൾപ്പെടുത്തുമെന്നാണ് ആലുവക്കാർ പറയുന്നത്.

# ബിൻസിയെ അറിയാമോ?

ബിൻസിയെ അറിയാമോ എന്നു ചോദിച്ചാൽ അറിയാമെന്നു നിങ്ങൾ പറഞ്ഞേക്കാം. പക്ഷേ ഞങ്ങൾ അന്വേഷിക്കുന്ന ബിൻസിയെയാണോ നിങ്ങൾക്കറിയാവുന്നതെന്ന് ഉറപ്പിക്കണമല്ലോ. ഞങ്ങൾ അന്വേഷിക്കുന്ന ബിൻസി അമേരിക്കയിലെ ഫിലാഡൽഫിയായിൽ മോണ്ട്ഗോമറി (Wyncote) എന്ന സ്ഥലത്താണു താമസം. ആ സ്ഥലം വിറ്റിട്ട് മറ്റൊന്നു വാങ്ങാനുള്ള ആലോചനയിലുമാണ്. സ്ക്കൂളിന് അടുത്തായതുകൊണ്ട് കുട്ടികളുള്ളവർ ഇവരുടെ വീടു വാങ്ങുന്നത് ഗുണം ചെയ്യും. ഇവരെ എങ്ങനെ കോണ്ടാക്ട് ചെയ്യും എന്നാണെങ്കിൽ ഫോൺ നമ്പറും തരാം: 215-565-5034. ഇത്രയുമൊക്കെ അറിയാമെങ്കിൽ ബിൻസിയെ അറിയാമോ എന്നു ചോദിക്കുന്നതെന്തിന് എന്നു സംശയമുണ്ടാകാം. ചില ദിവസങ്ങൾക്കു മുൻപ് ഇവർ ഡിഫെൻഡർ ഓഫീസിലേക്കു വിളിച്ചിരുന്നു. പേരോ മറ്റു വിവരങ്ങളോ പറഞ്ഞില്ല. ടി.ജെ. ശാമുവൽ പരിശുദ്ധനാണെന്നും പരാപരനാണെന്നും പുനലൂർ ടൗൺ എ.ജിയിലെ പാസ്റ്റർ മഹാപാപിയാണെന്നും മറ്റും അറിയിച്ചു. പറഞ്ഞുപറഞ്ഞ് ഈ സ്ത്രീ പിണങ്ങി. ഒടുവിൽ ശരിക്കുള്ള മറുപടി കൊടുത്ത് അവസാനിപ്പിച്ചു. ഇവരേക്കുറിച്ചു നടത്തിയ അന്വേഷണത്തിൽ മേല്പറഞ്ഞ വിവരങ്ങൾ ലഭിച്ചു. കൂടുതൽ വിവരങ്ങൾ അറിയണം.


## MATRIMONIAL

Pentecostal girl, 28/5'2", born and brought up in Delhi, B.Com., I.C.A.I., MBA, working as Asst. Manager-Finance in a reputed firm in Delhi, seeks for suitable alliance from well-qualified Pentecostal boy.

Ph: **0469-2732968. Mob: 9995230839**




# പേടിക്കേണ്ട ബഥേലേ



ബഥേൽ പി. ജേക്കബ്ബിന് ഈയിടെയായി ശരീരം മുഴുവൻ വിറയ്ക്കുന്നു. പാർക്കിൻസൺ രോഗമോന്നുമല്ല ശുദ്ധമായ ഭയം മൂലമാണ്. ഇന്ത്യയിൽ വന്നാൽ അറസ്റ്റ് ചെയ്യപ്പെടും എന്നാണ് ഭയം. എഫ്.സി.ആർ.എ. വഴി ഇന്ത്യയിൽ കൊണ്ടുവന്ന പണത്തിൽ നല്ലൊരു പങ്ക് സ്വന്തം പോക്കറ്റിലാക്കിയിട്ടുണ്ടല്ലോ. റ്റി.എസ്.ബാലൻ ഇതൊക്കെ അറിഞ്ഞെന്നു മാത്രമല്ല സംഭവം സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്. അതുകൊണ്ട് ഏതു നിമിഷവും നടപടിയുണ്ടാകാം.

പേടിയുണ്ടെങ്കിൽ ഇന്ത്യയിലേക്കു വരാതിരുന്നാൽപോരേ എന്നു ചോദിച്ചേക്കാം. അതു പറയാൻ എളുപ്പമാണെങ്കിലും പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടാണ്. ഇന്ത്യയെ സുവിശേഷീകരിക്കാനുള്ള ധൃതിയാണ് കാരണമെന്നു ധരിക്കുന്നെങ്കിൽ തെറ്റി. സംഗതി അതല്ല. ബഥേലിന്റെ സ്റ്റെപ്പിനിയായ വടക്കേ ഇന്ത്യാക്കാരി നഴ്സിനെ ബഥേൽ കണ്ടിട്ട് മാസങ്ങൾ പലതായി. എത്രക്കാലമെന്നുവച്ചാ ഇങ്ങനെ പിരിഞ്ഞിരിക്കുന്നത്. ‘‘അക്കരെയിക്കരെ നിന്നാലെങ്ങനെ ആശ തീരും’’ എന്നാണല്ലോ സിനിമാക്കവിയുടെ ചോദ്യം. പറയുന്നതു സിനിമാക്കാരാണെങ്കിലും സംഗതി സത്യമാണ്. ബഥേൽ അമേരിക്കയിലും സ്റ്റെപ്പിനി ഇന്ത്യയിലുമായി എത്രക്കാലം കഴിയും. ഇടയ്ക്കൊരു സമാഗമമൊക്കെ വേണ്ടേ? അതുകൊണ്ട് പറയട്ടെ: ബഥേൽ പേടിക്കേണ്ട. ധൈര്യമായി വന്നുകൊള്ളൂ. സർക്കാർ നടപടിയെടുക്കാനും അറസ്റ്റുണ്ടാകാനും ചില മാസങ്ങൾ വേണ്ടിവരും.

# അവറാൻ സ്വർഗ്ഗീയധ്വനിയിൽ

കെ.എ.ഏബ്രഹാമിനെതിരെ സാധാരണയായി ഡിഫെൻഡർ മാത്രമേ എഴുതാറുള്ളൂ. പക്ഷേ കഴിഞ്ഞലക്കം സ്വർഗ്ഗീയധ്വനിയിൽ കെ.എ.ഏബ്രഹാമിനെതിരെ വാർത്തയുണ്ടായിരുന്നു.

‘‘ദേശീയപതാകയ്ക്ക് അനാവശ്യ വ്യാഖ്യാനം നൽകി അതിലെ വെള്ളനിറം വിശ്വാസികളെ കാണിക്കുന്നെന്നും അശോകചക്രമെന്നാൽ ശോകമില്ലാത്ത അവസ്ഥയെന്നുമൊക്കെ പറഞ്ഞ കെ.എ. ഏബ്രഹാം കുറ്റപ്പുഴ യൂട്യൂബ്, കൈരളി തുടങ്ങിയ മാദ്ധ്യമങ്ങളുടെ വിമർശനത്തിനു വിധേയനായിരുന്നു. തനിക്കുപറ്റിയ അബദ്ധം കെ.എ. ഏബ്രഹാം ഏറ്റുപറഞ്ഞെങ്കിലും മാധ്യമങ്ങൾ ഇപ്പോഴും അദ്ദേഹത്തെ വേട്ടയാടുകയാണ്. ഏറ്റവുമൊടുവിൽ ഫ്ളാഷ് സായാഹ്ന പത്രത്തിലാണ് യൂട്യൂബ് വിവാദം തലപൊക്കിയത്. അടുത്ത കാലത്ത് സുവിശേഷത്തിന്റെ മറവിലെ ആത്മീയ തട്ടിപ്പുകൾ സർക്കാർ പുറത്തു കൊണ്ടുവന്നതിനെ സുവിശേഷ പീഡനമാക്കി വ്യാഖ്യാനിച്ചുകൊണ്ട് തിരുവല്ലയിൽ കൂടിയ സമ്മേളനത്തിന്റെ മുഖ്യ സംഘാടകൻ കെ.എ.ഏബ്രഹാമായിരുന്നു. തിരക്കേറിയ പ്രഭാഷകനായി ഒരു കാലഘട്ടത്തിൽ അറിയപ്പെട്ടിരുന്ന ഇദ്ദേഹത്തിൽ നിന്നും പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ അകന്നുകഴിഞ്ഞു’’. ഇതാണ് സ്വർഗ്ഗീയധ്വനി പറഞ്ഞത്.

# പെരുമ്പെട്ടിക്കാർ വഴിയാധാരമായി

ടി.എസ്.ഏബ്രഹാമിനെ വിശ്വസിച്ച് പാസ്റ്റർക്കെതിരെ വിപ്ലവത്തിനിറങ്ങിയ വിശ്വാസികൾ വഴിയാധാരമായി. പെരുമ്പെട്ടി ഐ.പി.സി സഭയിലെ ഒരുപറ്റം വിശ്വാസികൾക്കാണ് ഈ ദുര്യോഗമുണ്ടായത്.

ടി.എസ്.ഏബ്രഹാമുമായി പിണങ്ങി എന്ന ഒറ്റക്കാരണത്തിന് ടി.എസ്.ഏബ്രഹാം പെരുമ്പെട്ടി ഐ.പി.സിയിലെ പാസ്റ്ററായ ഏബ്രഹാം ഷാജിയെ ഐ.പി.സിയിൽ നിന്നു പുറത്താക്കി. നടപടിയെടുത്തത് സർവ്വശക്തനായ ടി.എസ്.ഏബ്രഹാമായതുകൊണ്ട് ഏബ്രഹാം ഷാജിയുടെ കഥ കഴിഞ്ഞൂ എന്ന് പെരുമ്പെട്ടി സഭയിലെ ഒരുകൂട്ടം വിശ്വാസികൾക്കുതോന്നി. അവർ ഏബ്രഹാം ഷാജിയെ സഭയിൽ നിന്നു പുറത്താക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. അതുകൊണ്ട് അവർ പുറത്തിറങ്ങി യുദ്ധം തുടർന്നു. ടി.എസ്.ഏബ്രഹാം തങ്ങളുടെ പക്ഷത്തുള്ളതുകൊണ്ട് ജയം തങ്ങളെ തേടിവരുമെന്നു കാത്തിരുന്നെങ്കിലും സംഭവിച്ചത് നേരെ മറിച്ചായിരുന്നു. പുതിയൊരു ഐ.പി.സി സഭ സ്ഥാപിക്കാനായി പിന്നീടുള്ള ശ്രമം. നിലവിലുള്ള സഭയിൽ നിന്ന് അര കിലോമീറ്റർ അകലെ മറ്റൊരു സഭാഹാൾ പണിയാൻ തുടങ്ങുകയും ചെയ്തു. പക്ഷേ ഈ വാർത്ത ഡിഫെൻഡർ പുറത്താക്കിയതോടെ ആ പദ്ധതിയും പൊളിഞ്ഞു. പെരുമ്പെട്ടി ഐ.പി.സിക്ക് രണ്ടു കിലോമീറ്റർ ചുറ്റളവിൽ പുതിയ സഭ ഉണ്ടാക്കരുതെന്നു കോടതി പറഞ്ഞു. എല്ലാ വഴികളും അടഞ്ഞതോടെ ഐ.പി.സി തന്നെ വിട്ട് പുറത്തുപോകാനുള്ള തയ്യാറെടുപ്പിലാണ് ഇവർ ഇപ്പോൾ.

# സാമച്ചൻ വീണ്ടും പേരുവിളിച്ചു



അമേരിക്കൻ പര്യടനം നടത്തുന്ന സാമച്ചൻ, ടോം സി. പുന്നൂസ് എന്നയാൾ ഹൂസ്റ്റണിൽ നടത്തിയ മീറ്റിംഗിൽ പേരുവിളിക്കൽ ശുശ്രൂഷ നടത്തി. പക്ഷേ നേരിട്ടു പരിചയമുള്ളവരുടെ പേരുകൾ മാത്രം വിളിക്കുന്ന പതിവ് ഇത്തവണയും തെറ്റിച്ചില്ല.

എന്നോടു പ്രവചിക്കട്ടെ എന്ന ഭാവത്തിൽ വന്നിരിക്കുന്നവരോടു പ്രവചിക്കയില്ല എന്ന് ടോം തന്നെ പ്രാരംഭത്തിൽ പ്രഖ്യാപിച്ചിരുന്നതുകൊണ്ട് അപരിചിതരെ ഒഴിവാക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. നേരിട്ട് അറിയാവുന്നവരുടെ പേരുകൾ വിളിക്കയും അത്യുഗ്രൻ പ്രവചനം നടത്തുകയും ചെയ്തു. പക്ഷേ അപരിചിതരുടെ പേരുകളൊന്നും പറയാത്തത് സംശയത്തിനു കാരണമായി. എന്തെങ്കിലും ഒരു പേരു പറയാമെന്നുവച്ചാൽ കഴിഞ്ഞകൊല്ലം ഉണ്ടായതുപോലുള്ള അനുഭവം ഉണ്ടാകുമോ എന്നൊരു സംശയം. എലിസബേത്തിനെ വിളിച്ചപ്പോൾ കഴിഞ്ഞകൊല്ലം മൂന്ന് എലിസബേത്തുമാർ സ്റ്റേജിലെത്തുകയയുണ്ടായി. ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ ഇത്തവണ സാമച്ചൻ ബുദ്ധി പ്രയോഗിച്ചു. ‘‘ഏലിയാമ്മ’’ എന്ന പേരു വിളിച്ചിട്ട് ഇപ്രകാരം പറഞ്ഞു: ‘‘ഇവിടെ പല ഏലിയാമ്മമാരുണ്ടെങ്കിലും അതിൽ ഒരു ഏലിയാമ്മയേക്കുറിച്ചാണ് ദൈവം വെളിപ്പെടുത്തുന്നത്.’’ (കലക്കി). ഈ വിദ്യ എല്ലായിടത്തും പ്രയോഗിച്ചാൽ തടിതപ്പാം സാമച്ചാ.

# പിസിനാക്കിൽ ഗോഗ്വാവിളി

അമേരിക്കൻ പെന്തക്കോസ്ത് സമ്മേളനത്തിൽ ഗോഗ്വാവിളി. വെറും ഗോഗ്വായല്ല, കൈവയ്പ്പിന്റെ ചുറ്റുവട്ടം വരെ എത്തിയ അത്യുഗ്രൻ ഗോഗ്വ. ചിലർ മറുഭാഷ പറഞ്ഞെന്നും ആരോപണമുണ്ട്. എന്താണു കാരണം? സംഗതി അത്യന്തം ഗൗരവമുള്ളതാണ്. സമ്മേളനം എല്ലാവർഷവും വേണോ അതോ രണ്ടു വർഷത്തിൽ ഒരിക്കൽ മതിയോ എന്നതാണ് ചോദ്യം. ലോകത്തിന്റെ ഭാവിതന്നെ ഈ ചോദ്യത്തിനുള്ള ഉത്തരത്തെ ആശ്രയിച്ചാണല്ലോ നിൽക്കുന്നത്. അതുകൊണ്ട് ഈ പ്രശ്നത്തിൽ അല്പം വാഗ്വാദം ഉണ്ടായതു തെറ്റല്ല.

എ, ബി, സി, ഡി തുടങ്ങി ഇസെഡ് വരെയുള്ള എല്ലാ പെന്തക്കോസ്ത് പ്രസ്ഥാനങ്ങളും തങ്ങളുടേതായ കൺവെൻഷനുകൾ ആണ്ടുതോറും നടത്തുന്നതുകൊണ്ട് ഐക്യം രണ്ടുവർഷത്തിൽ ഒരിക്കൽ മതിയെന്ന് ഒരു കൂട്ടർ വാദിച്ചു. അതു പറ്റില്ലെന്നും ഐക്യമാണ് ഉലകത്തിന്റെ നിലനിൽപ്പിനു തന്നെ ആധാരമെന്നും അതുകൊണ്ട് ആണ്ടിൽ ഒരു ഐക്യം കൂടിയേ കഴിയൂ എന്നും മറുപക്ഷം വാദിച്ചു. ഒരു നാഴി മറ്റൊരു നാഴിയിൽ പോകില്ലല്ലോ. അങ്ങനെ വാഗ്വാദം മൂത്ത് പോടാവാടാ വിളികളായി. ചിലർ മറുഭാഷയും പറഞ്ഞു. വിശുദ്ധ കൈവയ്പു ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപായി പരിപാടി അവസാനിപ്പിച്ചു. അടുത്ത അങ്കം അടുത്ത വർഷം നടക്കുന്ന സമ്മേളനത്തിലാകാം എന്ന ധാരണയിൽ ഇരുപക്ഷവും പിരിഞ്ഞു.


# വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

# നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്–1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# അരമനരഹസ്യം അങ്ങാടിയിൽ പാടാമോ?

മംഗളം വാരികയിൽ ടി.എസ്.ബാലൻ എന്ന ഈയുള്ളവന്റെ അഭിമുഖസംഭാഷണം പ്രസിദ്ധീകരിച്ചതു വായിച്ച പലരും കത്തിലൂടെയും ഫോണിലൂടെയും പ്രതികരിക്കുകയുണ്ടായി. ഇപ്പോഴെങ്കിലും പൊതുജനം സത്യമറിഞ്ഞതിൽ സന്തോഷിക്കുന്നവർ അഭിനന്ദനം അറിയിച്ചു. പക്ഷേ പെന്തക്കോസ്ത് പ്രസ്ഥാനത്തിന് നാണക്കേടുണ്ടാക്കി എന്നു പറഞ്ഞ് പരിഭവിച്ചവരും ടി.എസ്.ബാലൻ ചെയ്തത് മഹാപാപമായിപ്പോയി എന്നു പറഞ്ഞ് ബാലനെ നരകത്തിലാക്കാൻ ശ്രമിച്ചവരും ഏറെയാണ്. ഇത്തരക്കാർ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഇനി പറയുന്നത്.

1. പെന്തക്കോസ്ത് നേതാക്കൻമാർ തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അത് അവരോടു നേരിട്ടു പറഞ്ഞ് തിരുത്താൻ ശ്രമിക്കുകയല്ലേ ചെയ്യേണ്ടത്?

അതാണ് ആദ്യം ചെയ്യേണ്ടത്. അതു ചെയ്തിട്ടുമുണ്ട്. പക്ഷേ ഒരു പ്രയോജനവും ഉണ്ടാകാതെ വന്നപ്പോഴാണ് പരസ്യമായി പറഞ്ഞത്. ടി.എസ്.ഏബ്രഹാമിന്റെ കാര്യം തന്നെ ഉദാഹരണമായെടുക്കാം.

ടി.എസ്.ഏബ്രഹാം വനിതാ ബൈബിൾ കോളേജിൽ പഠിക്കുന്ന പെൺകുട്ടികളെ ബാംഗ്ലാവ് ഡ്യൂട്ടിക്കെന്നു പറഞ്ഞു വിളിച്ച് മസിൽ തിരുമ്മിക്കുന്നതും അവരോടൊപ്പം അന്തിയുറങ്ങുന്നതും കുളത്തൂപ്പുഴക്കാരി പെൺകുട്ടി ഗർഭിണിയായതും ഗർഭം അലസിപ്പിച്ച് പ്രശ്നം പരിഹരിച്ചതും മറ്റും ചില വർഷങ്ങൾക്കു മുൻപ് ഹിന്ദു വിശ്വ, മസ്ദൂർ ഭാരതി എന്നീ മാസികകളിൽ ഞാൻ വായിച്ചു. ഉടൻതന്നെ ഞാൻ ടി.എസ്.ഏബ്രഹാമിനു കത്തയച്ചു. ഈ മാസികകളിൽ പറയുന്നതു സത്യമാണെങ്കിൽ ടി.എസ്.ഏബ്രഹാമിന് സഭാനേതാവായി തുടരാൻ അവകാശമില്ലെന്നും അതല്ല, ഈ പറയുന്നത് കളവാണെങ്കിൽ മാനനഷ്ടക്കേസ്സ് കൊടുത്ത് സത്യം തെളിയിക്കണമെന്നുമായിരുന്നു കത്തിൽ എഴുതിയത്. ഈ കത്തിന് മറുപടി കിട്ടാതായപ്പോൾ ഞാൻ വീണ്ടും ഒരു കത്തുകൂടി (രജിസ്റ്റർ ചെയ്ത്) അയച്ചു. അതിനും മറുപടി കിട്ടിയില്ല. അതുകൊണ്ട് ഐ.പി.സി കൗൺസിൽ അംഗങ്ങൾക്കെല്ലാം കത്തയച്ചു. ആരും മറുപടി പറഞ്ഞില്ല.

ഒരു ദിവസം ഞാൻ തിരുവല്ലയിൽ വച്ച് കെ.സി.ജോണിനെ തികച്ചും യാദൃച്ഛികമായി കാണാൻ ഇടയായി. എന്റെ കത്തിന് എന്തുകൊണ്ടു മറുപടി അയച്ചില്ല എന്നു ഞാൻ ചോദിച്ചു. അതിനു കെ.സി.ജോൺ പറഞ്ഞ മറുപടി ഇതാണ്: ''ആ കത്തിൽ എഴുതിയിരുന്നതെല്ലാം സത്യമാണ്. പക്ഷേ അതു ഞങ്ങൾ തുറന്നു പറയുന്നതെങ്ങനെ? മറുപടിയുണ്ടെങ്കിൽ ടി.എസ്.ഏബ്രഹാം തന്നെ അതു പറയട്ടെ.'' ഇത്രയും പറഞ്ഞിട്ട് കെ.സി.ജോൺ ടി.എസ്.ഏബ്രഹാം നടത്തിയിട്ടുള്ള വ്യഭിചാരങ്ങളുടെ ഒരു നീണ്ട കഥതന്നെ പറഞ്ഞു. എല്ലാം കേട്ടു ഞാൻ തരിച്ചിരുന്നു. ഈ കഥകൾ ശരിയാണോ എന്നറിയാൻ ഞാൻ ചില അന്വേഷണങ്ങളൊക്കെ നടത്തുകയും ഇവയെല്ലാം തികച്ചും സത്യമാണെന്ന് ബോദ്ധ്യമാകുകയും ചെയ്തു. അങ്ങനെയാണ് ഞാൻ ഇതൊക്കെ ഡിഫെൻഡറിൽ എഴുതിയത്. എന്നിട്ടും ടി.എസ്.ഏബ്രഹാം മാനസാന്തരപ്പെട്ടില്ല എന്നു മാത്രമല്ല എന്നെ കള്ളക്കേസ്സിൽ കുടുക്കി നിശബ്ദനാക്കാൻ ശ്രമിക്കയും ചെയ്തു. അതുകൊണ്ടാണ് ഞാൻ മംഗളത്തിലെന്നല്ല എല്ലാ പ്രസിദ്ധീകരണങ്ങളിലും ഇവരേക്കുറിച്ചെഴുതും.

ടി.എസ്.ഏബ്രഹാമിന്റെ വ്യഭിചാരകഥകൾ വിവരിച്ച കെ.സി.ജോൺ സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചവനാണെന്ന് ഏറെ താമസിയാതെ മനസ്സിലായി. കുറ്റം ഏറ്റുപറയാനും മാനസാന്തരപ്പെടാനും കെ.സി.ജോൺ തയ്യാറല്ലെന്നു കണ്ടപ്പോൾ അയാളേക്കുറിച്ചും ഞാൻ എഴുതി. അങ്ങനെ മംഗളത്തിൽ പരാമർശവിധേയരായ ഏവർക്കും മാനസാന്തരപ്പെടാൻ ഞാൻ അവസരം കൊടുത്തിരുന്നു. ഇവരാരും മാനസാന്തരപ്പെടുകയില്ല എന്നു വ്യക്തമായപ്പോഴാണ് പരസ്യമായി എഴുതിയത്.

2. ഇവരൊക്കെ പാപം ചെയ്തിട്ടുണ്ടെങ്കിൽ ന്യായം വിധിക്കേണ്ടത് ദൈവമല്ലേ?

ഇവർക്ക് നിത്യനരകം വിധിക്കുന്നത് ദൈവം തന്നെ. പക്ഷേ ഇവർ ദൈവദാസൻമാരല്ലെന്നും ഒന്നാംതരം കള്ളൻമാരാണെന്നും പൊതുജനങ്ങളെ അറിയിച്ചില്ലെങ്കിൽ കുളത്തൂപ്പുഴ സംഭവങ്ങൾ ഇനിയുമുണ്ടാകും. ഇവർ ദൈവദാസൻമാരാണെന്നു തെറ്റിദ്ധരിച്ച് സാധുക്കൾ വഞ്ചിക്കപ്പെടും. അതു തടഞ്ഞേ മതിയാകൂ.

3. കൊയ്ത്തോളം വളരട്ടെ എന്നല്ലേ കർത്താവു പറഞ്ഞത്?

ദൈവവചനം ദുർവ്യാഖ്യാനം ചെയ്യരുത്. അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരുന്നവൻ കൊയ്ത്തോളം വളരാൻ പൗലോസ് അനുവദിച്ചില്ല. ദേമാസ്, ഹുമനയോസ്, അലക്സാണ്ടർ തുടങ്ങിയവർ പിൻമാറ്റക്കാരാണെന്നു പരസ്യമായി പറഞ്ഞു. സഭക്കു പുറത്തുള്ളവരെ ദൈവം വിധിക്കുമെങ്കിലും സഭക്കുള്ളിലുള്ളവരെ നാം തന്നെ വിധിക്കണമെന്ന് വ്യക്തമാക്കുകയും ചെയ്തു. 1 കൊരി. 5: 9–13 വായിക്കുക: ''ദുർന്നടപ്പുകാരോടു സംസർഗ്ഗം അരുത് എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. അത് ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചുപറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലോ; അങ്ങനെ എങ്കിൽ നിങ്ങൾ ലോകം വിട്ടു പോകേണ്ടിവരും. എന്നാൽ സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കുക പോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത്. പുറത്തുള്ളവരെ വിധിക്കുവാൻ എനിക്ക് എന്തു കാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കുന്നത്; പുറത്തുള്ളവരെ ദൈവം വിധിക്കുന്നു.ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയുവിൻ.'' ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ തുടങ്ങിയ ദുഷ്ടൻമാരെ സഭയിൽ നിന്നു നീക്കിക്കളയണം എന്നു ചുരുക്കം.

4. ഇങ്ങനെയൊക്കെ പരസ്യമായി എഴുതിയാൽ ദൈവനാമം ദുഷിക്കുകയല്ലേ ചെയ്യുന്നത്.

യൂദാസ് കള്ളനാണെന്ന് എഴുതുമ്പോൾ പത്രോസിന്റെയോ യേശുവിന്റെയോ നാമം ദുഷിക്കുന്നതെങ്ങനെ? യൂദാസിന്റെ നാമമല്ലേ ദുഷിക്കു. കൊരിന്ത് സഭയിലുള്ള ഒരുത്തൻ അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരുന്നു എന്നു പൗലോസ് എഴുതിയപ്പോൾ ദുഷിക്കാത്ത ദൈവനാമം ടി.എസ്.ഏബ്രഹാമും കെ.സി.ജോണും വ്യഭിചാരികളാണെന്നു വിളിച്ചുപറയുമ്പോൾ ദുഷിക്കുന്നതെങ്ങനെ? ഇവൻമാർ എന്താ ദൈവത്തിന്റെ അളിയൻമാരോ?

5. ടി.എസ്.ഏബ്രഹാം ഉണ്ണുണ്ണി സാറിന്റെ മകനല്ലേ? വൽസൻ ഉണ്ണുണ്ണിസാറിന്റെ കൊച്ചുമോനല്ലേ? ഇവർ തെറ്റുകാരാണെങ്കിലും ഇങ്ങനെ എഴുതാമോ?

വ്യഭിചാരികൾ, കള്ളൻമാർ തുടങ്ങിയവർക്കെതിരെ പ്രതികരിക്കുന്നത് അവരുടെ വംശാവലി പരിശോധിച്ചിട്ടല്ല. ഏതു മോന്റെ മോനായാലും വ്യഭിചാരി വ്യഭിചാരിതന്നെ. കള്ളൻ കള്ളനും. ഇവൻമാരൊന്നും പഴയ തഴമ്പിന്റെ ബലത്തിൽ ഇനി നേതാക്കൻമാരായി വിലസരുത്.

6. നിങ്ങൾ ഇങ്ങനെയൊക്കെ എഴുതുന്നതുകൊണ്ട് സുവിശേഷവേല ചെയ്യാൻ പറ്റാതായിരിക്കയാണ്.

കൊരിന്ത് സഭയിലുള്ള ഒരുത്തൻ അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരിക്കുന്നു എന്നു പൗലോസ് എഴുതിയതുമൂലം സുവിശേഷവേല തടസ്സപ്പെട്ടതായി അറിവില്ല. ടി.എസ്.ഏബ്രഹാമും കെ.സി.ജോണും മറ്റും കള്ളൻമാരാണെന്നു പറയുമ്പോൾ തടസ്സപ്പെടുന്ന സുവിശേഷം യഥാർത്ഥ സുവിശേഷമല്ല വ്യാജ സുവിശേഷമാണ്. സത്യസുവിശേഷത്തിൽ ടി.എസ്.ഏബ്രഹാമും കെ.സി.ജോണും ടി.എസ്.ബാലനും ഐ.പി.സിയും ഡിഫെൻഡറും മംഗളവും മറ്റുമില്ല. ആര് എന്തൊക്കെ എഴുതിയാലും സത്യസുവിശേഷത്തിനു ഹാനിയുണ്ടാകുകയുമില്ല. യഹൂദനേയും യവനനേയും ഒന്നുപോലെ രക്ഷിക്കാനുള്ള ശക്തി ഇന്നും സുവിശേഷത്തിനുണ്ട്.

7. പെന്തക്കോസ്തിലെ കള്ളൻമാരേക്കുറിച്ച് മംഗളത്തിൽ എഴുതിയ ടി.എസ്.ബാലൻ സത്യസുവിശേഷം എന്താണെന്നുകൂടി എഴുതേണ്ടതായിരുന്നു.

ശുദ്ധ വിവരക്കേടാണ് ഈ പറയുന്നത്. ടി.എസ്.ബാലൻ എന്ന ഞാൻ മംഗളത്തിൽ ഒന്നും എഴുതിയില്ല. മംഗളത്തിന്റെ എഡിറ്ററുമായി രണ്ടുമണിക്കൂറോളം സമയം ഞാൻ പെന്തക്കോസ്തിനേക്കുറിച്ചു സംസാരിച്ചു. അക്കൂട്ടത്തിൽ സത്യസുവിശേഷത്തേക്കുറിച്ചും പെന്തക്കോസ്ത് വിശ്വാസത്തെക്കുറിച്ചും മറ്റും സംസാരിക്കയുണ്ടായി. പക്ഷേ മംഗളം വാരികയിൽ എന്തൊക്കെ പ്രസിദ്ധീകരിക്കണമെന്നു നിശ്ചയിക്കുന്നത് എഡിറ്ററാണ്. അതിനുള്ള അധികാരം ടി.എസ്.ബാലനില്ല.

8. ഞങ്ങൾ സുവിശേഷവുമായി വീടുകളിൽ കയറുമ്പോൾ അവർ മംഗളം കാണിച്ചിട്ട് ''നിങ്ങളും ഈ കൂട്ടത്തിൽ പെട്ടവരല്ലേ'' എന്നു ചോദിക്കുന്നു. ഞങ്ങൾ എന്തു മറുപടി പറയും?

നിങ്ങൾ സത്യം പറഞ്ഞാൽ മതിയാകും. ഞങ്ങൾക്ക് ഈ കള്ളൻമാരുമായി ഒരു ബന്ധവുമില്ല എന്നു പറഞ്ഞാൽ തീരുന്ന പ്രശ്നമല്ലേ ഇവിടുള്ളു. മറിച്ച്, നിങ്ങൾ ഈ കള്ളൻമാരുടെ കൂട്ടത്തിൽ പെട്ട ആളാണെങ്കിൽ നിങ്ങൾക്കു സുവിശേഷവുമായി നടക്കാൻ യോഗ്യതയില്ല. സുവിശേഷവേല നിർത്തിയിട്ട് മറ്റു പണിക്കുപോകു.

9. മംഗളം വായിച്ചവർ ഞങ്ങളെ പരിഹസിക്കുന്നു. ഇവരൊക്കെയല്ലേ നിങ്ങളുടെ സഭയുടെ നേതാക്കൻമാർ എന്നു ചോദിച്ച് ബുദ്ധിമുട്ടിക്കുന്നു.

തികച്ചും സ്വാഭാവികം. നിങ്ങളുടെ മുൻപിൽ മൂന്നു വഴികളുണ്ട്. 1. ഈ കള്ളൻമാരെ പുറത്താക്കിയിട്ട് ശരിക്കുള്ള ദൈവദാസൻമാരെ നേതാക്കളായി തെരഞ്ഞെടുക്കുക. 2. ഈ കള്ളൻമാരുടെ അനുയായികളായി തുടരുകയും നാട്ടുകാരുടെ പരിഹാസത്തിന് ഇരയാകുകയും ചെയ്യുക. 3. ഈ കള്ളൻമാർ നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനങ്ങൾ വിട്ടു പുറത്തുവരുക. ഏതു വേണമെന്ന് സ്വയം തീരുമാനിക്കുക.

10. ടി.എസ്.ബാലന് നല്ല ഒരു ഭാവിയുള്ളതാണ്. ഇങ്ങനെയൊക്കെ എഴുതി അതു നശിപ്പിക്കരുത്.

സത്യം പറയുന്നതുമൂലം എന്റെ ഭാവി നശിക്കുമെങ്കിൽ നശിക്കട്ടെ. അത്തരം ഭാവി എനിക്ക് ആവശ്യമില്ല. ഈ കള്ളൻമാർക്കു മാമാപ്പണി ചെയ്തു കിട്ടുന്ന ഭാവി ടി.എസ്.ബാലനും മക്കൾക്കും വേണ്ടേവേണ്ട.

11. ടി.എസ്.ബാലന്റെ ഭാഷ മഹാമോശമാണ്. ഇത് ആത്മീയർക്കു ചേർന്ന ഭാഷയല്ല.

നിങ്ങൾ ഉദ്ദേശിക്കുന്ന വിധത്തിലുള്ള ആത്മീയനാകാൻ എനിക്ക് ഉദ്ദേശ്യമില്ല. കള്ളൻമാരെ സർപ്പസന്തതിയെന്നു വിളിക്കയും ദൈവാലയത്തെ വാണിഭശാലയാക്കിയവർക്കെതിരെ ചാട്ടവാറെടുക്കുകയും ചെയ്ത കർത്താവിനേക്കാൾ ആത്മീയനാകാൻ എനിക്കു മോഹമില്ല. കള്ളനെ പിശാചിന്റെ മകനെന്നു വിളിച്ച പൗലോസിനേപ്പോലുള്ള ആത്മീയനായാൽ മതി എനിക്ക്.

12. ഇങ്ങനെയൊക്കെ എഴുതിയാൽ ടി.എസ്.ബാലൻ നരകത്തിൽ പോകും.

സത്യം തുറന്നു പറയുന്നവനു നരകശിക്ഷ കൊടുക്കുന്ന ദൈവത്തെ എനിക്കുവേണ്ട. കള്ളൻമാർക്ക് ഓശാന പാടിയിട്ടു കിട്ടുന്ന സ്വർഗ്ഗവും വേണ്ട.

13. ടി.എസ്.ബാലൻ എന്താ ലോക പോലീസാണോ?

ലോകപോലീസെന്നല്ല ഞാൻ സാദാ പോലീസുപോലുമല്ല. പക്ഷേ തിൻമയ്ക്കെതിരെ പ്രതികരിക്കാൻ പോലീസായേ മതിയാകൂ എന്നില്ല. തട്ടിപ്പും വ്യഭിചാരവും മറ്റും തൊഴിലാക്കിയ പെന്തക്കോസ്ത് നേതാക്കൻമാർക്കെതിരെ പോരാടാൻ പോലീസിനു മാത്രമേ അധികാരമുള്ളു എന്ന ധാരണ തിരുത്തുക.

14. ഇങ്ങനെയൊക്കെ എഴുതാൻ ആരാണു നിങ്ങൾക്ക് അധികാരം തന്നത്?

ഇന്ത്യൻ ഭരണഘടനയും ഈ രാജ്യത്തെ നിയമവും. സത്യസന്ധമായതും പൊതുതാല്പര്യമുള്ളതും ആയ കാര്യങ്ങൾ ഉത്തമ ബോദ്ധ്യത്തോടെ എഴുതാനുള്ള സ്വാതന്ത്ര്യം ഏത് ഇന്ത്യൻ പൗരനുമുണ്ട്. വിവരമുള്ളവർക്കെല്ലാം ഈ വസ്തുത അറിയാം.

15. നിങ്ങളെ ദൈവം അടിക്കും. ഞങ്ങൾ ഉപവസിച്ചു പ്രാർത്ഥിക്കാൻ പോകുകയാണ്.

കള്ളൻമാർക്കെതിരെ എഴുതിയതിന് എന്നെ ആകാശവും ഭൂമിയും സൃഷ്ടിച്ച യഥാർത്ഥ ദൈവം അടിക്കുകയില്ല. നിങ്ങളുടെ ദൈവം എന്നെ അടിക്കാൻ വന്നാൽ എന്തു ചെയ്യണമെന്ന് എനിക്കറിയാം. അവനു ചുണയുണ്ടെങ്കിൽ എന്നെ അടിക്കട്ടെ.

വീണ്ടുംജനനം പ്രാപിച്ച ദൈവമക്കളോട് എനിക്കു പറയാനുള്ളത് ഇതാണ്: ഞാൻ ജീവനുള്ള ദൈവത്തിനെതിരായോ ബൈബിളിന് എതിരായോ ദൈവ സഭക്ക് എതിരായോ ദൈവമക്കൾക്ക് എതിരായോ ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. ദൈവദാസൻമാരുടെ വേഷം കെട്ടി നടക്കുന്ന കുറെ കള്ളൻമാർക്കെതിരായാണ് ഞാൻ എഴുതിയത്. ഇത്തരക്കാർക്കെതിരെ എഴുതുന്നത് ഞാൻ തുടരുകതന്നെ ചെയ്യും.



RNI No. 68089 / 97
2008 July 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# ജനം സത്യമറിയണമെന്ന് ഉദയനക്ഷത്രം

*ജനം സത്യമറിയണം എന്ന് ഉദയനക്ഷത്രം മാസിക പറയുന്നു. ജൂൺ ലക്കത്തിലെ എഡിറ്റോറിയലിലാണ് ഉദയനക്ഷത്രം ഈ ആഗ്രഹം പ്രകടിപ്പിച്ചത്. എഡിറ്റോറിയൽ എഴുതിയതാരാണെന്നു വ്യക്തമല്ല. എങ്കിലും കാനമച്ചന്റെ ഭാഷാശൈലിയാണ് ഈ ലേഖനത്തിനുള്ളത്. ഈ ലേഖനം ഡിഫെൻഡറിന്റെ വായനക്കാരും വായിക്കേണ്ടതാണ്. അതുകൊണ്ട് ഇവിടെ പുനഃപ്രസിദ്ധീകരിക്കയാണ്:*

അടുത്തസമയം ശാരോൻ ഓഡിറ്റോറിയത്തിൽ വച്ച് ചില സുവിശേഷപ്രസംഗകരും കുറെ പ്രവാചകൻമാരും നേതൃത്വം കൊടുത്ത ഒരു ഏകദിന ഉപവാസം നടന്നതായി കേട്ടു. ഉപവാസവും പ്രാർത്ഥനയും നല്ലതാണ്. പക്ഷേ അതിന്റെ കാരണവും ലക്ഷ്യവും ദൈവീകമായിരിക്കണം. ഇസബേലും ഉപവാസം പ്രഖ്യാപിച്ചതായി വേദപുസ്തകത്തിലുണ്ട്. അതുകൊണ്ട് ഏലിയാവിന് ഒരു കേടും വന്നില്ല. ആഹാബിന്റെ ഗൃഹത്തിന് അതു വിനയായിത്തീർന്നു.

ഏതൊരു വ്യക്തിക്കും ആപത്തുണ്ടായാൽ ജാതിയും മതവും നോക്കാതെ ഓടിച്ചെന്നു കഴിവുള്ള സഹായം ചെയ്യുന്നത് മനുഷ്യത്വമാണ്. എന്നാൽ അടുത്ത സമയം സ്വർഗ്ഗീയ വിരുന്നിനോടുള്ള ബന്ധത്തിൽ നടന്നത് അതൊന്നുമല്ല. വിശദീകരണം അവിടെ നിൽക്കട്ടെ. പെന്തക്കോസ്തു സഭാശുശ്രൂഷയും അതിന്റെ പഠിപ്പിക്കലും വിട്ട ഒരു തോമസ്കുട്ടിയും ഐ.പി.സിയുടെ കൂട്ടായ്മയിൽ നിന്നും വിടർത്തപ്പെട്ട ബ്രദർ തങ്കുവും ചേർന്ന് സ്വർഗ്ഗീയ വിരുന്ന് എന്ന പേരിൽ ഒരു സഭയുണ്ടാക്കി. വെറും ഉണർവ്വു യോഗമാണെങ്കിൽ രജിസ്റ്റർ ചെയ്യേണ്ട കാര്യമില്ലല്ലോ. കൂടാതെ, റാന്നി, കോഴഞ്ചേരി തുടങ്ങിയ അനേക സ്ഥലങ്ങളിൽ വസ്തുക്കളും കെട്ടിടങ്ങളും വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ.പി.യോഹന്നാന്റെ സഭ ബിലീവേഴ്സ് ചർച്ച് എന്നാണറിയപ്പെടുന്നതെങ്കിൽ ഇവരുടെ സഭയുടെ പേര് ഹെവൻലി ഫീസ്റ്റ് എന്നാണ്. അതിന്റെ പരമാധികാരി ബ്രദർ തങ്കുവാണ്. എന്നാൽ സത്യവിശ്വാസം വിട്ട തോമസ്കുട്ടിയാണ് തങ്കുവിനേക്കൂടി വിശ്വാസത്തിൽ കുഴച്ചത്. നടന്നതു മുഴുവൻ വചനവിരുദ്ധമാണ്. അതിന്റെ അവസാന പടി എന്നവണ്ണം പുതുപ്പള്ളിയിൽ നടന്ന ഉണർവ്വുയോഗത്തിൽ ജനഗണമനയും ചൊല്ലി. അതോടുകൂടെ അതാരുടെ സഭയെന്ന് വ്യക്തമായി. ദൈവം തീർത്തും കയ്യൊഴിഞ്ഞതായി ജനത്തിനു പൊതുവെ മനസ്സിലായി. ഇതേത്തുടർന്നു കേരളത്തിൽ ചില സംഭവങ്ങളുണ്ടായി. നമ്മുടെ ഉപവാസക്കാർ പറയുന്നത് പെന്തക്കോസ്തുകാർക്കുനേരെ പീഡയുണ്ടായി എന്നാണ്. അങ്ങനെയായാൽ ആദ്യം പീഡയുണ്ടായത് സന്തോഷ് മാധവനാണ്. ചുരുക്കത്തിൽ, ചില വ്യാജ സന്യാസികളെ ഹൈന്ദവർ തന്നെ മുൻകൈയ്യെടുത്ത് വെളിച്ചത്തു കൊണ്ടുവരുകയാണു ചെയ്തത്. സുകുമാർ അഴിക്കോടുമൊക്കെ ഈ പ്രക്രിയയിൽ മുൻകൈയെടുത്തവരാണ്. അപ്പോഴൊന്നും തങ്കുവിനും കൂട്ടർക്കും ഒരു പീഡയുമുണ്ടായിരുന്നില്ല.

ദൈവത്തിന്റെ നാമത്തിലുള്ള വ്യാജപ്രവർത്തനങ്ങൾ ഹിന്ദുമതത്തിലും ഇസ്ലാം മതത്തിലും മാത്രമല്ല ക്രിസ്തുമതത്തിലും മാർഗ്ഗത്തിലും വേണ്ടതിലധികം ഉണ്ടെന്ന് അധികൃതർക്കു ബോദ്ധ്യം വന്നു. കള്ളുകുടിക്കുന്നതും ആളെ കൊല്ലുന്നതും പെൺവാണിഭം നടത്തുന്നതും മാത്രമല്ല പാപം. പരമത്യാഗിയായ യേശുവിനെ ജനത്തിന്റെ മുൻപിൽ അവതരിപ്പിച്ചിട്ട് അവരുടെ വികാരങ്ങളെ ഇളക്കി കോടിക്കണക്കിനു പണം തട്ടുന്ന മഹാപാപവും ഒരു കുറഞ്ഞപാപമായി കാണാൻ അധികാരികൾക്കു കഴിഞ്ഞില്ല. ഈ വെളിച്ചത്തിലാണ് രണ്ടാം ഘട്ടത്തിൽ അധികൃതർ നാഗമ്പടത്തേക്ക് ശ്രദ്ധ തിരിച്ചത്. ഇതുണ്ടാകുമെന്ന് വിരുന്നുവാഴികൾക്ക് നേരത്തെ അറിയാമായിരുന്നു. എം.എൽ.എ തുടങ്ങിയ അധികാരികളിൽക്കൂടെ അവർ ഒരു സംരക്ഷണവലയം നേരത്തെ നിർമ്മിച്ചു. ആംബുലൻസ് വാൻ എം.എൽ.എ ഉദ്ഘാടനംചെയ്തു. (മനോരമ). അത്ഭുതസൗഖ്യം നടന്നിടത്ത് ആംബുലൻസിന്റെ ആവശ്യം മനസ്സിലാകുന്നില്ല. ഇങ്ങനെ വാസ്തവത്തിൽ അധികാരികളുടെ മനസ്സുണർത്തിയത് ദൈവമാണെന്നുതന്നെ തോന്നിപ്പോകും. സന്തോഷ് മാധവനേയും അതുപോലെ മനം മുറിഞ്ഞവരേയും ഇവർ ആശ്വസിപ്പിക്കാൻ പോയില്ല. അതുപോകട്ടെ, ക്ഷമിക്കാം. എന്നാൽ ആത്മീയ യാത്രയിലൂടെ ആയിരങ്ങളെ ക്രിസ്തുവിങ്കലേക്കു നടത്തിയ കെ.പി.യോഹന്നാന് എസ്റ്റേറ്റ് സംബന്ധമായ വലിയ പ്രശ്നമുണ്ടായപ്പോൾ ഇവർ എന്തുകൊണ്ട് പോയി അദ്ദേഹത്തെ ആശ്വസിപ്പിച്ച് ഒരുവാക്കു പ്രാർത്ഥിച്ചില്ല. (ചെയ്തുകാണുമോ എന്നറിഞ്ഞുകൂടാ). ഏതായാലും മഹതിയാം ബാബിലോണിന് എതിരായിട്ട് പുസ്തകമെഴുതിയ കെ.ഇ.ഏബ്രഹാം സാറിന്റെ ഇപ്പോഴത്തെ പിൻഗാമിയായിരിക്കുന്ന കെ.സി.ജോണും ചില ഐ.പി.സി പ്രവർത്തകരും തങ്കുവിനെ മാത്രം കണ്ട് ആശ്വസിപ്പിച്ചു ഫോട്ടോ പിടിക്കുന്നതിന്റെ രഹസ്യം മനസ്സിലാകുന്നില്ല. തങ്കുവിനെ ആരെങ്കിലും ദേഹോപദ്രവമേല്പിച്ചതായി ഞങ്ങളറിയുന്നില്ല. ചിലർ പറയുന്നത് കനത്ത പ്രതിഫലം കൊടുത്ത് പോലീസ് കാവലിൽ ഇപ്പോഴും പിടിച്ചു നിൽക്കുന്നു എന്നാണ്. ലക്ഷണം കൊണ്ട് അങ്ങനെയൊക്കെ തോന്നിപ്പോകുന്നു.

ക്രിസ്തീയ ഉപദേശമെന്നത് സുവിശേഷം പറഞ്ഞു ജനത്തെ രക്ഷയിൽ വരുത്തുക, പടിപടിയായി അടിസ്ഥാനോപദേശങ്ങൾ നൽകി വിശ്വാസത്തിൽ നിലനിർത്തുക എന്നിവയാണ്. ഈ വകയൊന്നുമല്ല അവിടെ നടന്നത്. ഭൗതീകമായ കാര്യസാദ്ധ്യത്തിന്റെ പെരുമ്പറകൾ മുഴക്കി പാവം ജനത്തെ കൂട്ടിവരുത്തി യേശു നല്ലവനാണെന്നു വിളിച്ചു പറഞ്ഞപ്പോൾ ചില പാവങ്ങൾ അവരുടെ മനസ്സ് യേശുവിങ്കലേക്ക് ഉയർത്തി. അങ്ങനെ ചിലർക്കു വിടുതലും കിട്ടിക്കാണും. എന്നാൽ അതിന്റെ ക്രെഡിറ്റ് വിരുന്നുവാഴികൾ വീതിച്ചെടുത്തു. അത്താഴപ്പട്ടിണിക്കാരുടെ മുൻപിൽ വലിയ നോട്ടുകൾ വലിച്ചൂരി വായുവിൽ വീശിക്കാണിച്ച് ഇതിൽ കുറഞ്ഞത് ഇടരുതെന്നു പറഞ്ഞു. ഏറ്റവും വലുതു കൊടുത്താൽ അതേഅളവിൽ കിട്ടുമെന്നു വിളിച്ചുകൂവി. അങ്ങനെ പാവങ്ങളെ കൊള്ളയടിച്ചു. പട്ടിണിയില്ലാപ്പട്ടണമെന്ന് കോഴഞ്ചേരിയിലും കോട്ടയത്തും മറ്റും എഴുതിവച്ചു. കുറേപ്പേർക്കു കഞ്ഞികൊടുത്തു. ഭൂതിയിളകിയ ചിലർ മാല സ്തോത്രക്കാഴ്ചയായിട്ടു. ആരോ ചോദിച്ചപ്പോൾ ഒരിക്കൽ മാത്രമേ അങ്ങനെ സംഭവിച്ചുള്ളൂ എന്നു മറുപടി പറഞ്ഞു. ഞാൻ ചോദിക്കുന്നത്, ഭർത്താവറിയാതെ ഒരു സാധുസ്ത്രീ വികാരത്തള്ളലിൽ അങ്ങനെ ചെയ്തെങ്കിൽ എന്തുകൊണ്ട് അതു തിരികെ കൊടുത്തില്ല? ഓരോ കൂട്ടത്തിൽ നിന്നും നേടുന്നത് ലക്ഷങ്ങളാണ്. അതിനുപുറമെ ഹിന്ദുരാജ്യത്തെ ക്രിസ്തീയ രാജ്യമാക്കാൻ ചെയ്യുന്ന ഈ പോരാട്ടത്തിൽ ഒരുകൈ സഹായിക്കണമെന്നു പറഞ്ഞ് വിദേശരാജ്യങ്ങളിൽ നിന്ന് നേടുന്ന തുകയുടെ ശരിയായ കണക്ക് വിരുന്നുവാഴിക്കു മാത്രമേ അറിവുള്ളൂ.

ആദ്യനാളുകളിൽ ഞാൻ ഈ കാര്യത്തിൽ തികച്ചും മൗനമായിരുന്നു. എങ്കിലും ഉപദേശം വിടാത്ത ഉണർവ്വായിരിക്കണമെന്ന് ഞാൻ കൂടെക്കൂടെ എഴുതുമായിരുന്നു. എന്നാൽ ഇത്രയും രഹസ്യങ്ങൾ ഉള്ളിലുണ്ടെന്ന് അറിഞ്ഞില്ല. സഹതാപം രേഖപ്പെടുത്താൻ ചെന്ന സ്നേഹിതരോടു തങ്കുവും മറ്റും പറഞ്ഞ മറുപടി തൽപ്പര മാസികകളിൽ ഞാൻ വായിച്ചു. അതോടുകൂടി എന്റെ സംശയവും തീർന്നു.

അത്ഭുതസൗഖ്യം നടന്നിടത്ത് അംബുലൻസിന്റെ പ്രസക്തിയെന്തെന്നു ഞാൻ മുൻപു സൂചിപ്പിച്ചല്ലോ. അതുപോലെ ഓടിക്കൂടുന്ന ജനത്തിന്റെ പാപവും ശാപവും മുറിക്കുന്ന ഈ കൃപാവര വിദഗ്ദ്ധൻമാർ ചെയ്യുന്ന കാര്യങ്ങൾ അവർതന്നെ പറഞ്ഞപ്പോൾ ഞാൻ ലജ്ജിച്ചുപോയി. സൗഖ്യമാകാതെ വരുന്ന രോഗികൾക്ക് വീൽചെയറുകൾ കൊടുക്കുന്നു. മധുര മെഡിക്കൽ മിഷനോടുള്ള ബന്ധത്തിൽ രോഗികൾക്ക് കണ്ണു പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നു. ഇതൊക്കെയാണോ അത്ഭുതരോഗശാന്തി? നേരത്തെ ഇതു പറഞ്ഞിരുന്നെങ്കിൽ പാവം ജനം വേറെ വഴി നോക്കുമായിരുന്നു. കർത്താവും അപ്പോസ്തലൻമാരും ഒന്നും ചെയ്യാത്ത ഈ കൂട്ടുകൃഷി വലിയ കാപട്യമാണ്. അത്ഭുതം പറയുന്നതുകേട്ട് അടുത്തു ചെല്ലുമ്പോൾ അത്ഭുതമില്ല.

അത്ഭുതങ്ങളുടെ വിഷയത്തിൽ ഈ മറിമായം കാണിക്കുന്നതു കൂടാതെ ഉപദേശ വിഷയത്തിലും ദൈവത്തിനു സഹിച്ചുകൂടാത്ത ചില കടുംകൈകൾ ഇവർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതിനു തുടക്കം കുറിച്ചതു തോമസ്കുട്ടിയാണ്. താൻ മുൻപു നടത്തിയിരുന്ന ദൈവസഭയിൽ സങ്കീർത്തനം വായിക്കുവാൻ അനുവദിച്ചില്ല. ഇന്നും അത് അവിടെ വായിക്കുന്നില്ല. അതിന്റെ പുറകിൽ ഒരു അപ്പോസ്തലൻ പ്രവർത്തിക്കുന്നുണ്ട്. പരസ്യങ്ങളിലെ ചിത്രങ്ങൾ നോക്കിയാൽ തോമസ്കുട്ടിക്കു മാത്രമേ ബൈബിളുള്ളൂ, തങ്കുവിനു ബൈബിളില്ല. നമ്മളറിയാത്ത എത്രയോ സത്യങ്ങൾ ദൈവം മാത്രമറിയുന്നു.

ചില വാക്കുകൾകൂടി കുറിക്കട്ടെ: തങ്കുവും കൂട്ടുകാരനും കോടികൾ സമ്പാദിച്ചതായി പത്രവാർത്തകൾ വന്നപ്പോൾ, എന്റെ ദൈവമേ, ഇതിന്റെ സത്യമൊന്നറിയാൻ കഴിഞ്ഞെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചു. അടുത്ത മനോരമയിൽ തങ്കു സത്യം ചെയ്തു പറഞ്ഞതു വായിച്ചു, മുപ്പത്തേഴുലക്ഷം രൂപയുടെ ആസ്തി മാത്രമേ തനിക്കുള്ളൂ എന്ന്. എന്റെ ഉള്ളം ആശ്വസിച്ചു. പക്ഷേ അടുത്ത മനോരമയിൽ അധികൃതരുടെ ചോദ്യത്തിനു മുൻപിൽ തങ്കുവിന്റെ മറുപടികൾ വായിച്ചു തന്റെ ഡിപ്പോസിറ്റിൽ നിന്നും കോടികൾ എന്ന കണക്കിനു ചിലവിട്ടു താൻ വാരിക്കൂട്ടിയ സ്ഥാവര ജംഗമ വസ്തുക്കളുടെ കണക്കുകൾ തന്റെ നാവിലൂടെ പറഞ്ഞതു വായിച്ചപ്പോൾ ഞാൻ ഒരു നിമിഷം മൗനമായിപ്പോയി. ഇതാണോ സത്യം? ഒരു ദൈവദാസൻ സത്യം പറയുന്നവനല്ലെങ്കിൽ അവനെങ്ങനെ ദൈവദാസനാകും?

ചുരുക്കത്തിൽ, ഉപദേശത്തിലും ജീവിതത്തിലും ദൈവത്തിനു സഹിച്ചുകൂടാത്ത എന്തൊക്കെയോ കുമിഞ്ഞു കൂടിയതിന്റെ ഒരു ചെറിയ വെളിപ്പെടുത്തൽ മാത്രമാണ് ഇതുവരെ സംഭവിച്ചത്. ഇവിടൊരു മതപീഡയുമുണ്ടായിട്ടില്ല. ആർ.എസ്സ്.എസ്സ് കാരും കമ്യൂണിസ്റ്റുകാരും ക്രിസ്തുവിനെതിരായി ഒരു വാക്കും ഉച്ചരിച്ചിട്ടില്ല. ആത്മീയ തട്ടിപ്പിനെതിരെയാണ് അവർ ബഹളം കൂട്ടിയതെല്ലാം. വല്ല പാവപ്പെട്ട ഉപദേശിമാരേയും ഈ നാമത്തിൽ ആരെങ്കിലും ഉപദ്രവിക്കയോമറ്റോ ചെയ്താൽ അതിന്റെ കുറ്റംകൂടെ നമ്മുടെ വിരുന്നുവാഴികൾ ഏറ്റെടുത്തുകൊള്ളണമെന്ന് ഞങ്ങളറിയിക്കുന്നു. രക്ഷപ്പെടാൻ ഒരു വഴി ഞങ്ങൾ കാണുന്നുണ്ട്. പക്ഷേ അത്രയും ചെലവിടാൻ നമ്മുടെ സ്നേഹിതൻമാർ തയ്യാറാകുമോ എന്നറിഞ്ഞുകൂടാ. തട്ടിക്കൂട്ടിയ കോടികൾ വെളിപ്പെടുത്തണം. കഴിവുള്ളിടത്തോളം തിരിച്ചു കൊടുക്കണം. ധർമ്മസ്ഥാപനങ്ങൾക്ക് ധാരാളം നൽകണം. ജീവിക്കാനുള്ള വക മാറ്റിവച്ചശേഷം അനാവശ്യമായി നേടിയതൊക്കെ വിട്ടുകളയണം. കൂടാതെ, അനുതപിച്ച് സത്യത്തിലേക്കു മടങ്ങിവരണം. പക്ഷേ അവർ തയ്യാറാകുമോ എന്നറിഞ്ഞുകൂടാ.

ഈ ദുർഘടസ്ഥിതിയിൽ ജനത്തെ പഠിപ്പിക്കാൻ റ്റി.എസ്. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് കൂടി കമ്മറ്റിയെ തിരഞ്ഞെടുത്തു. ഹാലേലൂയ്യാ മാസികയിൽ വായിച്ചതുപോലെ അവിടെ ആരും പാരപണിതില്ല. അവിടെ കൂടിയവർ ആരോപണവിധേയരാണെന്നു ഹാലേലൂയ്യായുടെ കണ്ടുപിടുത്തം. ശാരോനിൽ ഉപവാസത്തിനു നേതൃത്വം കൊടുത്ത നമ്മുടെ പ്രിയപ്പെട്ടവർ ഈ വിഷയത്തിൽ എങ്ങനെ ഇരിക്കുന്നുവെന്നു ചിന്തിക്കുവാൻ ഹാലേലൂയ്യാ മറന്നുപോയി. സത്യം ജയിക്കട്ടെ. അതു ജയിക്കും. ദൈവം മാത്രം മഹത്വം കൈയേൽക്കട്ടെ.

## ഇപ്പോൾ സത്യം മനസ്സിലായി

ഉദയനക്ഷത്രത്തിന്റെ ജൂൺ ലക്കത്തിൽ ഡോ.പി.കെ.രവീന്ദ്രൻ ഇടുക്കി എന്നൊരാൾ എഴുതിയ പ്രതികരണം താഴെ കൊടുക്കുന്നു

അഞ്ചു വർഷമായി ഞാനും ഭാര്യയും ഉദയനക്ഷത്രം മാസിക മുടങ്ങാതെ വായിക്കുന്നതിൽ ശ്രദ്ധിക്കുന്നു. ഞാൻ ടി.വിയിലെ സുവിശേഷ പരിപാടികൾ ശ്രദ്ധിക്കുന്ന ആളാണ്. അങ്ങനെ സൂര്യ ടി.വിയിലെ ഹെവൻലീ ഫീസ്റ്റ് പ്രോഗ്രാം കാണുന്നതിൽ തല്പരനായിരുന്നു. എന്നാൽ ഹെവൻലി ഫീസ്റ്റിന്റെ പ്രവർത്തനത്തേപ്പറ്റി പി.ഐ.ഏബ്രഹാം വിമർശനാത്മകമായി എഴുതുന്നതിൽ എനിക്കു വിഷമമുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം ഇങ്ങനെ എഴുതി: ''അവർ എങ്ങനെ ആളെ കൂട്ടിയാലും വിഷമമില്ല. പക്ഷേ കൂട്ടുന്ന ആളുകളെ നേരായ വഴിക്ക് നടത്തണമെന്നേയുള്ളൂ''. അതു വായിച്ചപ്പോഴത്തെ ദു:ഖം തങ്കു ബ്രദറിന്റെ വിശ്വാസത്തേയും കൂടെക്കൂടെ ആവർത്തിച്ചു പറയിക്കുന്ന വിശ്വാസത്തേയും കുറ്റപ്പെടുത്തുകയാണല്ലോ എന്നാണു തോന്നിയത്. പിന്നെ അത്ഭുത രോഗസൗഖ്യം അവിശ്വാസത്താലാണോ നടക്കുന്നത് എന്നൊക്കെ തോന്നിയിരുന്നു. സാക്ഷ്യങ്ങളും അതിലേറെ അത്ഭുതകരം. ഒരിക്കൽ ഹെവൻലി ഫീസ്റ്റിന്റെ ടി.വി. പ്രോഗ്രാമിൽ ഒരാൾ അനുഭവസാക്ഷ്യം പറഞ്ഞതിങ്ങനെ: ''ഞാനൊരാളെ കുത്തികൊന്നു. വിചാരണയ്ക്കു മുൻപു തന്നെ ജയിലിൽ കുറെ വർഷങ്ങൾ കിടന്നു. അങ്ങനെ കാത്തിരുന്ന വിചാരണയിൽ സാക്ഷികളും ഞാൻ കൊന്നയാളിന്റെ സഹോദരനും എനിക്കെതിരായി പറഞ്ഞു. എന്നാൽ ഞാൻ ഹെവൻലി ഫീസ്റ്റിലേക്കു ഫോൺ ചെയ്തു. വിധി പ്രസ്താവിച്ചപ്പോൾ എന്നെ വെറുതെ വിട്ടു. ദൈവത്തിനു സ്തോത്രം'' എന്നായിരുന്നു. ഈ സാക്ഷ്യത്തിനുശേഷം തങ്കു ഇങ്ങനെ തുടർന്നു. ''ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല. നിരപരാധികൾ പോലും ശിക്ഷിക്കപ്പെടുന്ന സാഹചര്യത്തിൽ ഇതാ ഇദ്ദേഹത്തെ ദൈവം വിടുവിച്ചിരിക്കുന്നു. നിയമവ്യവസ്ഥയ്ക്കു മുകളിലുള്ള ദൈവത്തിനു ഹാലേലൂയ്യാ പറഞ്ഞാട്ടെ''. അടുത്തിരിക്കുന്ന ആളോട് പറയൂ: ''ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല''. വിശ്വാസികൾ പരസ്പരം ഏറ്റു പറയുന്നത് ടി.വിയിൽ കാണിക്കുന്നു. വിശ്വാസികൾ ഉറഞ്ഞു തുള്ളുന്നു. ഇതാണോ ദൈവത്തിന്റെ നീതി? അപ്പോൾ മരിച്ചയാളിന്റെ കുടുംബത്തിന് എന്താണു നീതി? ഈ സാക്ഷ്യവും തുടർന്നു തങ്കു ബ്രദറിന്റെ ആക്രോശവും കേട്ടാൽ വിശ്വാസികൾ വിശ്വാസം വർദ്ധിച്ച് ആരേയെങ്കിലും കൊന്നാലോ മോഷ്ടിച്ചാലോ ബ്രദർ പ്രാർത്ഥിച്ചാൽ മതി. ദൈവത്തിനു മുകളിൽ ഡോ. തങ്കു. പി.ഐ.ഏബ്രഹാം ആരാണെന്നറിയില്ല. എങ്കിലും അദ്ദേഹം എഴുതിയത് വളരെ ശരിയാണെന്ന് ഇപ്പോൾ ബോധ്യമായി. അതോടെ വിഷമവും മാറി.

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan